بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ      نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ      وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 7

ലക്കം 30

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജൂലായ് 28/ഹി.ശം. 1401 വഫാ 28/ഹിജ്റ 1443 ദുൽഹജ്ജ 28

## അല്ലാഹുവിന്റെ വചനം

وَذَرِ الَّذِیۡنَ اتَّخَذُوۡا دِیۡنَہُمۡ لَعِبًا وَّلَہۡوًا وَّغَرَّتۡہُمُ الۡحَیٰوۃُ الدُّنۡیَا ○

(الانعام : 71)

'തങ്ങളുടെ മതത്തെ കളിയും വിനോദവുമാക്കിത്തീർക്കുകയും ഐഹികജീവിതം തങ്ങളെ വഞ്ചിതരാക്കുകയും ചെയ്തവരെ നീ ഉപേക്ഷിക്കുക.'(6:71)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### രിസ്ഖിൽ സമൃദ്ധിയും ദീർഘായുസ്സും

(2067) ഹദ്റത്ത് അനസ് ബിൻ മാലിക് നിവേദനം. നബി(സ)തരുമേനി പറയുന്നത് ഞാൻ കേട്ടു: വല്ലവനും തന്റെ ജീവിതവിഭവങ്ങളിൽ സമൃദ്ധിയുണ്ടാകണമെന്നും സൽക്കീർത്തി പിൻതലമുറകളിൽ നിലനില്ക്കണമെന്നും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്റെ കുടുംബബന്ധം പുലർത്തട്ടെ.

*വ്യാഖ്യാനം*: ഈ ഹദീഥിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു: കുടുംബബന്ധം പോലുള്ള നിർബന്ധമായ കടമയും പണമില്ലാതെ നടക്കുകയില്ല. ഇതു സംബന്ധമായ വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനപരമായ നിർദേശമിതാണ്: അല്ലാഹുവിനോടുള്ള കരാർ പാലിക്കുകയും ഉടമ്പടി ലംഘിക്കാതിരിക്കുകയും ചെയ്യുന്നവരും നിലനിറുത്തുവാൻ അല്ലാഹു കല്പിച്ച ബന്ധങ്ങളെ (വിച്ഛേദിക്കാതെ)നിലനിറുത്തുകയും... അവർക്കാണ് ആ (പാരത്രിക) ഭവനത്തിന്റെ ഏറ്റവും നല്ല പര്യവസാനം. (13:21-23). ഇപ്രകാരംതന്നെ ഇതുമായി ബന്ധപ്പെട്ട് സൂറബഖറയിലെ, ബന്ധം വിച്ഛേദിക്കുന്നവരെ ആജ്ഞാലംഘകരെന്നും എല്ലാം നഷ്ടപ്പെട്ടവരെന്നും പറഞ്ഞിട്ടുള്ള ആയത്തും നോക്കുക. ആയത്തുകൾ ഇവയാണ്: ആജ്ഞാലംഘകരെ അല്ലാതെ മറ്റാരേയും ഇതു മുഖേന അവൻ വഴിതെറ്റിയവരായി വിധിക്കുന്നില്ല. അതായത് അല്ലാഹുവുമായുള്ള കരാറിനെ ഉറപ്പിച്ചശേഷം അതു ലംഘിക്കുകയും ചേർക്കുവാൻ അല്ലാഹു കല്പിച്ചതിനെ വേർപെടുത്തുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരത്രേ അവർ; അവർ തന്നെയാണ് നഷ്ടപ്പെട്ടവർ. *(2:27,28)* *(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*

**മുത്തഖി സത്യസന്ധമായ സമ്പൽസമൃദ്ധി ഒരു കുടിലിലും പ്രാപിക്കുന്നതാണ്. അത് ലൗകികനും അതുമോഹിക്കും അത്യാഗ്രഹിക്കും മണിമാളികയിലും ലഭിക്കുകയില്ല. എത്രത്തോളം ദുൻയാവ് കൂടുതൽ കിട്ടുന്നുവോ അത്രത്തോളം ബലാകളും ധാരാളമായി മുന്നിൽ വരുന്നു. അതുകൊണ്ട് ഓർമിക്കുക, യഥാർഥമായ സമാധാനവും ആനന്ദാനുഭൂതിയും ലൗകികന്റെ ഓഹരിയിൽ വരുകയില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

'ചിന്തിച്ചു നോക്കുക!മനുഷ്യൻ ലോകത്താഗ്രഹിക്കുന്നതെന്താണ്? മനുഷ്യന്റെ ലോകത്തിലെ ഏറ്റവും വലിയ ആഗ്രഹമെന്നു പറയുന്നത് അവന് സമാധനവും സൗഖ്യവും ലഭിക്കുക എന്നതാണ്. അതിനുവേണ്ടി അല്ലാഹു ഒരേയൊരു വഴിയാണ് നിശ്ചയിച്ചിട്ടുള്ളത്. അതിന് തഖ്‌വായുടെ വഴി എന്നു പറയുന്നു. മറ്റു വാക്കുകളിൽ അതിന് വിശുദ്ധ ഖുർആനിന്റെ വഴിയെന്നു പറയുന്നു. അല്ലെങ്കിൽ അതിന്റെ പേര് സ്വിറാത്തെ മുസ്തഖീം എന്ന് വെക്കുന്നു. അവിശ്വാസികളുടെ കൈയിലും ധനവും സമ്പത്തും ഭൂസ്വത്തുമുണ്ടെന്നും അവർ തങ്ങളുടെ സുഖജീവിതത്തിലും ആനന്ദത്തിലും മുഴുകുകയും മസ്ത്തായി ജീവിക്കുകയും ചെയ്യുന്നുണ്ടല്ലോ എന്നും ആരെങ്കിലും ചോദിക്കുകയാണെങ്കിൽ, ഞാൻ നിങ്ങളോടു സത്യമായും പറയുന്നു:അവർ ലോകത്തിന്റെ കണ്ണുകളിൽ എന്നല്ല നിന്ദ്യരായ ഇഹഭോഗതൽപരരുടേയും ഭൗതികവാദികളുടേയും മുമ്പിൽ സന്തോഷത്തിലുള്ളവരായി തോന്നുകയാണ്. എന്നാൽ, യഥാർഥത്തിൽ അവർ ഒരു പുകച്ചിലിലും ദുഃഖത്തിലും അകപ്പെട്ടിരിക്കുകയാണ്. നിങ്ങൾ അവരുടെ രൂപമാണ് കാണുന്നത്. എന്നാൽ, ഞാൻ അത്തരക്കാരുടെ ഖൽബിൽ ദൃഷ്ടിപതിപ്പിക്കുമ്പോൾ ഒരു ജ്വലിക്കുന്ന അഗ്നിയിലും ചങ്ങലകളിലും വിലങ്ങുകളിലും വരിഞ്ഞുകെട്ടിയിരിക്കുന്നതായി കാണുന്നു. ***ഇന്നാ അഅ്തദ്നാ ലിൽകാഫിരീന സലാസിലാ വ അഗ്‌ലാലൻ വ്വ സയീറൻ*** എന്ന് പറഞ്ഞതുപോലെ.(76:5) അവർക്ക് നന്മയിലേക്ക് വരാൻതന്നെ കഴിയുകയില്ല. എങ്ങനെയുള്ള ചങ്ങലകളാണെന്നാൽ അല്ലാഹുവിലേക്ക് ആ ചങ്ങലകൾ കരണത്താൽ എങ്ങനെ അമർന്നിരിക്കുന്നുവെന്നാൽ മൃഗങ്ങളെക്കാളും നാൽക്കാലികളെക്കാളും വളരെ ദുഷിച്ചതായി തീരുന്നു. അവരുടെ കണ്ണുകൾ എല്ലായിപ്പോഴും ദുൻയാവിലേക്കുതന്നെയായിരിക്കും നോക്കിയിരിക്കുന്നത്. ഭൂമിയിലേക്കുതന്നെയായിരിക്കും അവർ കുനിഞ്ഞുകൊണ്ടിരിക്കുന്നത്. പിന്നെ ഉള്ളിന്റെയുള്ളിൽ ഒരു നീറ്റലും പുകച്ചിലും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. ധനത്തിൽ കുറവു വന്നാൽ അല്ലെങ്കിൽ ഉദ്ദേശിക്കുന്ന പദ്ധതികൾ വിജയിക്കാതെ വന്നാൽ മനസ്സു വിഷമിച്ചുകൊണ്ടിരിക്കുകയും എരിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ ചിലനേരത്ത് മാനസികരോഗിയും ഭ്രാന്തനുമായിത്തീരുന്നു. അല്ലെങ്കിൽ കോടതികൾ കയറി ഇറങ്ങുന്നു. ദീനില്ലാത്തവൻ ജ്വലിക്കുന്ന അഗ്നിനിയിൽനിന്ന് മുക്തനായിരിക്കുകയില്ലെന്നത് വസ്തുതയാണ്. കാരണം സുഖത്തിന്റേയും സംതൃപ്തിയുടേയും അത്യാവശ്യ ഫലമായ സ്വസ്ഥതയും സമാധാനവും അവനുണ്ടാകുകയില്ല. മദ്യപാനീ ഒരു ഗ്ലാസ്സ് മദ്യം കുടിച്ച് മറ്റൊന്ന് ചോദിക്കുന്നതുപോലെ; എന്നല്ല ചോദിച്ചുകൊണ്ടേപോകുകയും മനസ്സിൽ തീക്ഷ്ണമായ അസ്വാസ്ഥ്യം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ ലൗകികതയിൽ മുഴുകിയവനും അഗ്നിയിൽ വരിഞ്ഞുകെട്ടപ്പെട്ടിരിക്കുന്നു. അവന്റെ ദുഃഖത്തിന്റെ അഗ്നി ഒരു നിമിഷംപോലും അണയുകയില്ല. യഥാർഥമായ സമ്പൽസമൃദ്ധി യഥാർഥത്തിൽ ഒരു മുത്തഖിയ്ക്കു വേണ്ടിയുള്ളതുതന്നെയാണ്. അവന് രണ്ടു സ്വർഗമുണ്ടെന്ന് അല്ലാഹുവിന്റെ വാഗാദാനമുണ്ട്.

മുത്തഖി സത്യസന്ധമായ സമ്പൽസമൃദ്ധി ഒരു കുടിലിലും പ്രാപിക്കുന്നതാണ്. അത് ലൗകികതൽപരനും അതുമോഹിക്കും അത്യാഗ്രഹിക്കും മണിമാളികയിലും ലഭിക്കുകയില്ല. എത്രത്തോളം ദുൻയാവ് കൂടുതൽ കിട്ടുന്നുവോ അത്രത്തോളം ബലാകളും ധാരാളമായി മുന്നിൽ വരുന്നു. അതുകൊണ്ട് ഓർമിക്കുക, യഥാർഥമായ സമാധാനവും ആനന്ദാനുഭൂതിയും ലൗകികതയിൽ തൽപരനായവന്റെ ഓഹരിയിൽ വരുകയില്ല. ധനത്തിന്റെ ആധിക്യവും അതിമനോഹരമായ വസ്ത്രങ്ങളും ഭക്ഷണങ്ങളും സന്തോഷത്തിനു കാരണമാകുമെന്ന് മനസ്സിലാക്കരുത്. ഒരിക്കലുമില്ല. പ്രത്യുത അതിന്റെ അച്ചുതണ്ടുതന്നെ തഖ്‌വായുടെ മേലാണ്.' (മൽഫൂദാത്ത് വാല്യം 1, പേജ് 380, പ്രസാധനം ഖാദിയാൻ 2018)

**ഇന്ന് ശാസ്ത്രം സ്ഥാപിച്ചിരിക്കുന്നതും ഏറ്റവുമാദ്യം കുട്ടിയുടെ ചെവി പ്രവൃത്തിക്കാൻ തുടങ്ങുന്നുവെന്നാണ്. അതിനുശേഷം കണ്ണുകൾ പ്രവൃത്തിക്കാൻ തുടങ്ങുന്നു. ഏറ്റവും അവസാനം ചിന്താശക്തി പ്രവൃത്തിക്കാൻ തുടങ്ങുന്നു.**

**ഈ ക്രമീകരണവും വിശുദ്ധ ഖുർആൻ ദൈവിക ഗ്രന്ഥമാണെന്നുള്ളതിന് ഒരു തെളിവാണ്. കാരണം അക്കാലത്ത് മറഞ്ഞിരുന്ന വിഷയമാണ് അതിൽ വിവരിക്കപ്പെട്ടിരിക്കുന്നത്.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ നഹ്‌ലിലെ ***വല്ലാഹു അഖ്റജക്കും മിൻ ബുത്വൂനി ഉമ്മഹാത്തിക്കും ലാ തഅ്‌ലമൂന ശയ്അൻ വ്വ ജഅലലക്കുമുസ്സംഅ വൽഅബ്സ്വാറ വൽ അഫ്ഇദത്ത ലഅല്ലക്കും തശ്കുറൂൻ*** (നിങ്ങൾക്ക് ഒന്നും അറിഞ്ഞു കൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്ന് പുറത്തുകൊണ്ടുവന്നു. അവൻ നിങ്ങൾത്ത് ചെവികളും കണ്ണുകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു; നിങ്ങൾ കൃതജ്ഞത കാണിക്കാൻവേണ്ടി) എന്ന 79-ാമത്തെ

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**നബി അല്ലാഹുവിന്റെ നാമം കേട്ട് മര്യാദയുടെ ചൈതന്യത്താൽ നിറയുകയും അവന്റെ മഹത്ത്വം പ്രകീർത്തിക്കുന്നവനായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ടാണ് (താൻ പുതിയതായി വിവാഹം ചെയ്ത ഭാര്യയുടെ ഒരൊറ്റ) വാക്യത്തിൽ അവിടന്ന് ക്ഷണത്തിൽ പറഞ്ഞത്, 'നീ ഒരു വലിയ അസ്തിത്വത്തിന്റെ മാധ്യസ്ഥമാണ് നല്കിയിരിക്കുന്നത്, വലിയ അഭയം നല്കുന്നവനോടാണ് അഭയം തേടിയിരിക്കുന്നത്! അതുകൊണ്ട് ഞാൻ നിന്റെ അപേക്ഷ സ്വീകരിക്കുന്നു. അങ്ങനെ അവിടന്ന് ആ നേരത്തുതന്നെ പുറത്തുവന്നു. പറഞ്ഞു: 'അബൂ ഉസയ്ദേ! അവൾക്ക് രണ്ടു പുതപ്പു നല്കുക. അവളുടെ വീട്ടുകാരുടെ അടുക്കലെത്തിക്കുകയും ചെയ്യുക.'**

## നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

**ഖുത്ബ ജുമുഅ 2022 ജൂൺ 17/1401 ഇഹ്സാൻ 17,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുത്ബയിൽ ഞാൻ യമാമയുമായി ബന്ധപ്പെട്ട മുർത്തദ്ദുകളുടെയും മുനാഫിഖുകളുടെയും സംഭവങ്ങൾ അവസാനിച്ചുവെന്ന് പറഞ്ഞിരുന്നു. മുസയ്‌ലിമ കദ്ദാബിന്റേയും അയാളുടെ കൂട്ടാളികളുടെയും സംഭവങ്ങൾ കഴിഞ്ഞ ഖുത്ബയിൽ അവസാനിച്ചിരുന്നു.

ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തിൽ ആയുധമെടുത്ത മതപരിത്യാഗികളുടെ പരാമർശമാണ് നടന്നുകൊണ്ടിരിക്കുന്നത്.

ധാരാളം യുദ്ധനടപടികളുണ്ടായിരുന്നുവെന്ന് ഞാൻ മുമ്പേ പറഞ്ഞിരുന്നു. ആദ്യത്തെ യുദ്ധ നടപടിയെ കുറിച്ച് പരാമർശിച്ചു കഴിഞ്ഞു. അത് വളരെ ദൈർഘ്യമേറിയതായിരുന്നു. ശേഷിക്കുന്ന പത്ത് യുദ്ധ നടപടികളിൽ രണ്ട് മൂന്നെണ്ണത്തെ സംബന്ധിച്ചു വരുന്നത്, ഹദ്റത്ത് ഹുദയ്ഫയും ഹദ്റത്ത് അർഫജയും മുഖേനയാണ് ആ ഉദ്യമങ്ങൾ നടത്തപ്പെട്ടിരുന്നു എന്നതാണ്. അത് ഒമാനിലെ പ്രക്ഷോഭകാരികളായിരുന്ന മുർത്തദ്ദുകൾ അഥവാ മതപരിത്യാഗികൾക്കെതിരിലായിരുന്നു. ബഹ്റയ്നടുത്തുള്ള യമനിലെ ഒരു പട്ടണമാണ് ഒമാൻ. പേർഷ്യൻ കടലിടുക്കിനും അറേബ്യൻ സമുദ്രത്തിനും ഇടയിലാണ് ഒമാൻ സ്ഥിതി ചെയ്യുന്നത്. ഹജ്ജിന്റെ അറേബ്യൻ ഐക്യസമിതിയുടെ പൂർവപ്രദേശങ്ങളും അന്ന് അതിൽ ഉൾപ്പെട്ടിരുന്നു. വിഗ്രഹാരാധകരായ അസ്ദും ഇതര ഗോത്രങ്ങളും മറ്റുമായിരുന്നു അവിടെ അധിവസിച്ചിരുന്നത്. അവർ അഗ്നിയാരാധകരായിരുന്നു. മുസ്ഖത് സ്വുഹാർ ദബാ എന്നിവ ഇവിടുത്തെ തീരപ്രദേശങ്ങളാണ്. നബി(സ)തിരുമേനിയുടെ അനുഗൃഹീത കാലഘട്ടത്തിൽ ഒമാൻ ഇറാനികളുടെ അധീനതയിലായിരുന്നു. ജയ്ഫർ എന്ന വ്യക്തിയെ അവർ അവിടെ ഗവർണറായി നിശ്ചയിച്ചിരുന്നു. അവിടെ അഗ്നിയാരാധകരുടെ മതമായ മജൂസിയാണ് പ്രചാരത്തിലിരുന്നത്. നബി(സ) തിരുമേനി ഹിജ്‌രി 8-ാം വർഷം ഹദ്റത്ത് അബൂസയ്ദ് അൻസ്വാരിയെ ഇസ്‌ലാമിന്റെ പ്രചാരണത്തിനായും ഹദ്റത്ത് അംറ് ബിൻ ആസ്വിനെ ഇവിടുത്തെ രണ്ട് നേതാക്കളും സഹോദരന്മാരുമായ ജയ്ഫർ ബിൻ ജുലൻദുയുടേയും അബ്ബ്വാദ് ബിൻ ജുലൻദുയുടേയും പേരിൽ കത്തുമായി അയക്കുകയുണ്ടായി.

നബി(സ)തിരുമേനി എഴുതിയ കത്തിന്റെ രത്നച്ചുരുക്കം ഇതായിരുന്നു: ബിസ്മില്ലാഹിർറഹ്മാനിർറഹീം. അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനുമായ മുഹമ്മദ്(സ)ൽ നിന്ന് ജുലൻദിയുടെ പുത്രന്മരായ ജയ്ഫറിനും അബ്ബ്വാദിനും അയക്കുന്ന കത്ത്. നേർമാർഗം പിൻപറ്റുന്നവർക്ക് സമാധാനം. ഞാൻ നിങ്ങളെ ഇസ്‌ലാം സ്വീകരിക്കുന്നതിന് ക്ഷണിക്കുന്നു. നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ സുരക്ഷിതരായിരിക്കും. ഞാൻ അല്ലാഹുവിന്റെ ദൂതനാകുന്നു. ജീവിച്ചിരിക്കുന്നവരെ ഭയപ്പെടുത്തുന്നതിനും നിഷേധികൾക്ക് ന്യായപൂർത്തീകരണത്തിനുമായി മുഴുലോകത്തേക്കും അയക്കപ്പെട്ടവനാകുന്നു. നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ നിയമപ്രകാരംതന്നെ അവിടുത്തെ ഭരണാധികാരികളായി തുടരാൻ അനുവദിക്കുന്നതായിരിക്കും. ഇനി ഇസ്‌ലാമിലേക്കുള്ള ക്ഷണം നിഷേധിക്കുകയാണെങ്കിൽ നിങ്ങളുടെ ഭരണം നിങ്ങളിൽ നിന്ന് പിടിച്ചെടുക്കുന്നതായിരിക്കും.*(സീറത്ത് അംറ് ബിൻ ആസ്വ്, പേജ് 49, ഗ്രന്ഥകർത്താ ഡോക്ടർ ഹസൻ ഇബ്റാഹീം ഹസൻ, ഉർദു തർജമ ശെയ്ഖ് മുഹമ്മദ് അഹ്മദ് പാനിപ്പത്തി)(ഫുതൂഹുൽബുൽദാൻ പേജ് 103-104, മുഅസ്സസത്തുൽമആരിഫ്, ബെയ്റുത്ത് 1987)(ഫർഹങ്കെ സീറത്ത് പേജ് 209, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)(അറ്റ്ലസ് സീറത്ത് നബിവി(സ), പേജ് 68, മക്തബ ദാറുസ്സലാം അർരിയാള് ഹിജ്റ 1424)*

ചില നിവേദനങ്ങളനുസരിച്ച് ഏറെ നാളത്തെ വാദപ്രതിവാദങ്ങൾക്കുശേഷം ആ സഹോദരങ്ങൾ ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. മറ്റൊരു നിവേദനമനുസരിച്ച് ഒമാനിലെ ഭരണകർത്താവായ ജയ്ഫർ പറയുകയുണ്ടായി, ഇസ്‌ലാം സ്വീകരിക്കാൻ എനിക്ക് ഒരു ബുദ്ധിമുട്ടുമില്ല. എന്നാൽ, ഞാനിവിടുന്ന് സക്കാത്ത് പിരിക്കുകയും മദീനയിലേക്ക് അയക്കുകയും ചെയ്താൽ, എന്റെ സമുദായം എനിക്കെതിരെ തിരിയുന്നതായിരിക്കും എന്ന് ഭയക്കുന്നു. അപ്പോൾ ആ പ്രദേശത്ത് നിന്ന് പിരിച്ചെടുക്കുന്ന സക്കാത്ത് പണം അതേ പ്രദേശത്തുതന്നെയുള്ള ദരിദ്രർക്കുവേണ്ടി ചെലവഴിക്കാൻ അംറ് ബിൻ ആസ് അദ്ദേഹത്തിന് സമ്മതം നൽകി. അങ്ങനെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത്ത് അംറ് അവിടെ രണ്ട് വർഷത്തോളം തങ്ങുകയും ജനങ്ങളെ തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഈ സഫലപൂർണമായ തബ്‌ലീഗ് പ്രയത്നങ്ങളുടെ ഫലമായി ഈ പ്രദേശത്തുള്ള ഭൂരിഭാഗം പേരും ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. നബി(സ)തിരുമേനി വഫാത്താകുകയും അറേബ്യയുടെ നാലുപാടും മതപരിത്യാഗവും പ്രക്ഷോഭവും പടർന്ന് പിടിക്കുകയും ചെയ്തപ്പോൾ ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് അംറ് ബിൻ ആസ്വിനെ ഒമാനിൽനിന്ന് മദീനയിലേക്ക് വിളിപ്പിച്ചു. മറുഭാഗത്ത് നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം എതിർപക്ഷത്തുനിന്ന് ലഖീത് ബിൻ മാലിക് അസ്ദീ രംഗപ്രവേശം നടത്തി. അയാളുടെ സ്ഥാനപ്പേര് ദൂതാജ് എന്നായിരുന്നു. ജാഹിലിയ്യ കാലഘട്ടത്തിൽ അയാൾ ഒമാനിലെ രാജാവായ ജുലൻദിക്ക് സമസ്ഥാനീയനായി ഗണിക്കപ്പെട്ടിരുന്നു. ജുലൻദി എന്നുള്ളത് ഒമാനിലെ ചക്രവർത്തിമാരുടെ സ്ഥാനപ്പേരാണ്. ഏതായാലും അയാൾ നുബുവ്വത്ത് വാദിക്കുകയുണ്ടായി. ഒമാനിലെ ജാഹിലീങ്ങൾ അയാളെ പിൻപറ്റുകയും ചെയ്തു. അയാൾ ഒമാൻ പിടിച്ചെടുത്തു. ജയ്ഫറിനും അദ്ദേഹത്തിന്റെ സഹോദരൻ അബ്ബ്വാദിനും മലകളിൽ അഭയം പ്രാപിക്കേണ്ടി വന്നു. ജയ്ഫർ എല്ലാ വിവരങ്ങളും ഹദ്റത്ത്

അബൂബക്റിനെ അറിയിക്കുകയും സഹായമർഥിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ(റ) അവരുടെ അടുത്തേക്ക് രണ്ട് അമീർമാരെ അയച്ചു. ഹുദയ്ഫ ബിൻ മിഹ്സ്വൻ ഗൽഫാനി ഹിംയരിയെ ഒമാനിലേക്കും അർഫജ ബിൻ ഹർഥമ ബാർകി അസ്ദിയെ മഹ്റഹിലേക്കും നിയോഗിച്ചുകൊണ്ട് രണ്ടുപേരും ഒന്നിച്ച് യാത്ര ചെയ്യണമെന്നും ഒമാനിൽനിന്ന് യുദ്ധം ആരംഭിക്കണമെന്നും കല്പിക്കുകയുണ്ടായി. മഹ്റഹ് എന്നുള്ളത് യമനിലെ ഒരു ഗോത്രത്തിന്റെ പേരായിരുന്നു. ഒമാനിൽ യുദ്ധമുണ്ടാകുമ്പോൾ ഹുദയ്ഫ നേതാവായിരിക്കുമെന്നും മഹ്റഹയിൽ യുദ്ധമുണ്ടാകുമ്പോൾ ഹുദയ്ഫ സൈന്യാധിപന്റെ കടമ വഹിക്കുമെന്നും കല്പിക്കുകയുമുണ്ടായി.

ഹദ്റത്ത് ഹുദയ്ഫയേയും ഹദ്റത്ത് അർഫജയെയും കുറിച്ചുള്ള വിവരണം ഇങ്ങനെയാണ്. ത്വബ്രിയുടെ ചരിത്രത്തിൽ ഹദ്റത്ത് ഹുദയ്ഫയുടെ പേര് ഹുദയ്ഫ ബിൻ മിഹ്സ്വൻ ഗൽഫാനി എന്നാണ് വന്നിരിക്കുന്നത്. സ്വഹാബാക്കളുടെ വിവരണങ്ങൾ അടങ്ങിയ ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ പേര് ഹുദയ്ഫ ഖൽആനി എന്നാണ് വന്നിട്ടുള്ളത്. അദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ വഫാത്തുവരെ ഒമാനിലെ ഗവർണറായിരുന്നു.

സ്വഹാബാക്കളുടെ വിവരണങ്ങളടങ്ങിയ ഗ്രന്ഥത്തിൽ ഹദ്റത്ത് അർഫജയുടെ മുഴുവൻപേര് അർഫജ ബിൻ ഖുസയ്മ എന്നാണ് വന്നിരിക്കുന്നത്. അല്ലാമ ഇബ്നു അഥീറിന്റെ അഭിപ്രായത്തിൽ അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹർഥമ എന്നായിരുന്നു. അദ്ദേഹം ശത്രുക്കൾക്കെതിരിൽ യുദ്ധ തന്ത്രങ്ങൾ ചെയ്യുന്നതിൽ പ്രസിദ്ധനായിരുന്നു.

ഹദ്റത്ത് അബൂബക്ർ(റ) ഇവർ രണ്ടുപേരുടെയും സഹായത്തിന് ഹദ്റത്ത് ഇക്രിമ ബിൻ അബൂജഹ്ലിനെ നിയോഗിക്കുകയുണ്ടായി. ഇതിനു മുമ്പേ യമാമ യുദ്ധത്തെ കുറിച്ചുള്ള വിവരണത്തിൽ മുസയ്ലിമത്തുൽകദ്ദാബിന്റെ പരാമർശത്തിലും വിവരിച്ചതാണ്. ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഇക്രിമയെ മതപരിത്യാഗികളുടെ കലാപങ്ങളെയും പ്രക്ഷോഭങ്ങളെയും നേരിടുന്നതിന് നിയോഗിക്കുകയും ശുറഹ്ബീൽ ബിൻ ഹസനയെ അദ്ദേഹത്തിന്റെ സഹായത്തിന് അയക്കുകയും ചെയ്തപ്പോൾ ഇക്രിമയ്ക്ക് നൽകിയ കല്പന, ശുറഹ്ബീൽ എത്തിച്ചേരുന്നതിനു മുമ്പേ യുദ്ധം തുടങ്ങരുതെന്നായിരുന്നു. എന്നാൽ, അദ്ദേഹം അതിനു നിൽക്കാതെ യുദ്ധം തുടങ്ങി. തൽഫലമായി അദ്ദേഹത്തിന് പരാജയം നേരിടേണ്ടി വന്നു. ഹദറത്ത് അബൂബക്ർ(റ) അക്കാരണത്താൽ അദ്ദേഹത്തോട് നീരസപ്പെടുകയും ഒമാനിലേക്ക് പോകാൻ കല്പിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്റിന്റെ കല്പനപ്രകാരം ഇക്രിമ തന്റെ സൈന്യത്തോടൊപ്പം ഒമാനിലേക്ക് അർജഫയുടെയും ഹുദയ്ഫയുടെയും പിന്നിലായി സഞ്ചരിച്ചു. അവർ രണ്ടുപേരും ഒമാനിലെത്തുന്നതിനു മുമ്പേ ഇക്രിമ ഒമാനിനടുത്തുള്ള റുജാം എന്ന സ്ഥലത്തുവെച്ച് അവരുമായി കണ്ടുമുട്ടി. അദ്ദേഹം ജയ്ഫറിനും അബ്ബാദിനും സന്ദേശം അയച്ചു. കാമിൽ ബിൻ അഥീർ പോലുള്ള ചില ചരിത്രഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ പേര് ഇയാദ് എന്നാണ് വന്നിട്ടുള്ളത്. റുജാം ഒമാനിലെ ഒരു നീണ്ട പർവതനിരയാകുന്നു.

ഏതായാലും മുസ്‌ലിം സൈന്യാധിപന്റെ സന്ദേശം ലഭിക്കുകയും പ്രവാചകവാദത്തിനുശേഷം മുർത്തദ്ദീങ്ങൾ ശക്തമായ സൈന്യത്തെ സംഘടിപ്പിക്കുകയും ചെയ്തപ്പോൾ ഒളിഞ്ഞിരുന്ന ജയ്ഫറും അബ്ബാദും അവരവരുടെ വാസസ്ഥലങ്ങളിൽനിന്ന് പുറത്തിറങ്ങുകയും സ്വുഹാറിൽ വന്ന് തമ്പടിക്കുകയും ചെയ്തു. അർഫജ, ഇക്രിമ, ഹുദയ്ഫ എന്നീ മൂന്നുപേർക്കും തങ്ങളുടെ അടുത്തുവന്ന് തങ്ങുന്നതിനായി അവർ സന്ദേശമയക്കുകയും ചെയ്തു. ഒമാനിലെ പർവതങ്ങളുമായി ചേർന്ന ഒരു പ്രദേശം തന്നെയാണ് സ്വുഹാർ. റജബ് മാസത്തിന്റെ ആരംഭത്തിൽ 5 രാത്രിയോളം ചന്തനടക്കുന്ന ഒരു നഗരമാണിതെന്നാണ് പറയപ്പെടുന്നത്. അങ്ങനെ മുസ്‌ലിമീങ്ങളുടെ സൈന്യം സ്വുഹാറിൽ ഒരുമിച്ചുകൂടുകയും പ്രാന്ത പ്രദേശങ്ങളെ മതപരിത്യാഗികളിൽ നിന്നു മോചിപ്പിക്കുകയും ചെയ്തു.

മറുഭാഗത്ത് ലഖീത് ബിൻ മാലിക്കിന് ഇസ്‌ലാമിക സൈന്യം എത്തിയെന്ന വിവരം ലഭിച്ചപ്പോൾ അയാൾ എതിരിടുന്നതിന് സൈന്യവുമായി പുറപ്പെടുകയും ദബാ എന്ന സ്ഥലത്ത് തമ്പടിക്കുകയും ചെയ്തു. യുദ്ധത്തിൽ കരുത്ത് ലഭിക്കുന്നതിന് അയാൾ സ്ത്രീകളെയും കുട്ടികളെയും കൂടാതെ വീട്ടുസാധനസമഗ്രികളും തന്റെ പിന്നിൽ വെച്ചിരുന്നു. ദബായും ആ പ്രദേശത്തെ ഒരു പട്ടണവും കച്ചവട അങ്ങാടിയുമായിരുന്നു. മുസ്‌ലിം അമീറുമാർ ലഖീത്വിന്റെ കൂട്ടാളികൾക്ക് കത്തെഴുതി. അതിന്റെ തുടക്കം ബനൂജുദയ്ദിന്റെ നേതവിൽനിന്നാണ് തുടങ്ങിയത്. അതിന് മറുപടിയായി പ്രസ്തുത ഗോത്രത്തലവന്മാരും മുസ്‌ലിം അമീർമാർക്ക് കത്തുകളെഴുതുകയുണ്ടായി. ഈ കത്തിടപാടുകളുടെ ഫലമായി എല്ലാ ഗോത്രത്തലവന്മാരും ലഖീത്വിൽ നിന്നകലുകയും മുസ്‌ലിമീങ്ങളുമായി കൂടിച്ചേരുകയും ചെയ്തു.*(ഉസുദുൽഗാബ വാള്യം 4, പേജ് 21-22, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്2008)(അൽമുഫസ്വിൽ ഫീ താരീഖുൽഅറബ് ഖബ്‌ലൽ ഇസ്‌ലാം അൽഫസ്വലുസ്സാദിസ് വൽഅർബഊന: ഇൻസാബുൽ ഖബാഇൽ, വാള്യം 4, പേജ് 329, മക്തബ ജരീർ, 2006)(താരീഖ് അത്ത്വബരി വാള്യം 2, പേജ്291-292, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്2012)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ , സ്വലാബീ പേജ് 338, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ്)(മുഅ്ജമുൽ ബുൽദാൻ വാള്യം 5, പേജ് 270, ജിൽദ് 3, പേജ് 31, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 170, സവാർ അക്കാഡമി കറാച്ചി)*

പിന്നീട് അതേസ്ഥലത്ത് അതായത് ദബായിൽവെച്ച് ഘോരയുദ്ധം നടന്നു. ആരംഭത്തിൽ ലഖീത് ശക്തമായ യുദ്ധം കാഴ്ചവെക്കുകയും മുസ്‌ലിമീങ്ങൾ പരാജയത്തിന്റെ വക്കിലെത്തുകയും ചെയ്തു. എന്നാൽ, അല്ലാഹു തന്റെ കാരുണ്യത്താൽ ഔദാര്യം കാണിക്കുകയും ഈ നിർണായക ഘട്ടത്തിൽ സഹായിക്കുകയും ചെയ്തു. ബഹ്റയ്നിലെ വിവിധ ഗോത്രങ്ങളിൽനിന്നു കൂടാതെ ബനൂ അബ്ദുൽ ഖയ്സിൽനിന്നും യഥേഷ്ടം സഹായസേനകൾ എത്തിച്ചേർന്നു. തൽഫലമായി അവരുടെ ശക്തിയും പ്രൗഢിയും വർധിച്ചു. അങ്ങനെ അവർ മുന്നോട്ടു കടന്ന് ലഖീത്വിന്റെ സൈന്യത്തെ ശക്തമായി ആക്രമിച്ചു. തൽഫലമായി ലഖീദത്വിന്റെ സൈന്യത്തിന്റെ കാലിടറുകയും അവർ ചിതറിയോടുകയും ചെയ്തു. മുസ്‌ലിമീങ്ങൾ അവരെ പിന്തുടരുകയും പതിനായിരം പോരാളികളെ വധിക്കുകയും ചെയ്തു. കുട്ടികളെയും സ്ത്രീകളെയും ബന്ധനസ്ഥരാക്കി. സമ്പത്തും അങ്ങാടിയും കൈവശപ്പെടുത്തി. അതിന്റെ അഞ്ചിലൊന്ന് അർഫജയുടെ കൈയിൽ ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിലേക്ക് അയക്കുകയും ചെയ്തു. അങ്ങനെ ഒമാനിലെയും കലാപങ്ങൾ അവസാനിക്കുകയും മുസ്‌ലിമീങ്ങളുടെ ഭരണം സുശക്തമായ അടിത്തറയാൽ സ്ഥാപിതമാകുകയും ചെയ്തു. യുദ്ധത്തിനുശേഷം ഹുദയ്ഫ ഒമാനിൽത്തന്നെ വാസമുറപ്പിക്കുകയും അവിടുത്തെ അവസ്ഥകളെ ശരിയാക്കുന്നതിലും ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിലും മുഴുകി. അർഫജ നേരത്തെ പറഞ്ഞതുപോലെ യുദ്ധമുതലുകളുമായി മദീനയിലേക്ക് മടങ്ങി. ഹദ്റത്ത് ഇക്രിമ സൈന്യസമേതം മഹ്റഹിലെ പ്രക്ഷോഭം അടിച്ചമർത്തുന്നതിനായി പുറപ്പെട്ടു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ , ഡോക്ടർ അലി മുഹമ്മദു സ്വലാബീ പേജ് 338-339, അൽഫുർഖാൻ മുള്ഫർ ഗഢ് പാക്കിസ്താൻ)*

മുർത്തദ്ദീങ്ങളായ പ്രക്ഷോഭകാരികൾക്കെതിരായുള്ള ഹദ്റത്ത് ഇക്രിമയുടെ ഉദ്യമങ്ങളെ സംബന്ധിച്ച് വന്നിരിക്കുന്നത്, ഹദ്റത്ത് അബൂബക്ർ(റ) ഒരു പതാക ഹദ്റത്ത് ഇക്രിമയ്ക്ക് നൽകുകയും മുസയ്‌ലിമയെ നേരിടുന്നതിന് കല്പിക്കുകയും ചെയ്തിരുന്നു എന്നാണ്. (താരീഖ് അത്ത്വബരി വാള്യം 2, പേജ്257, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് അബൂബക്ർ(റ) ഇക്രിമയെ, മുസയ്‌ലിമയെ നേരിടുന്നതിന് യമാമയിലേക്ക് നിയോഗിച്ചയച്ചു. അദ്ദേഹത്തിന് പിന്നിലായി ശുറഹ്ബീൽ ബിൻ ഹസനയെയും യമാമയിലേക്ക് അയച്ചു. ഹദ്റത്ത് അബൂബക്കർ(റ) അവർ രണ്ടുപേരോടും യമാമയിലേക്ക് പുറപ്പെടുന്നതിനായിട്ടാണ് പറഞ്ഞിരുന്നതെങ്കിലും ശുറഹ്ബീൽ എത്തിച്ചേരുന്നതുവരെ ആക്രമണം തുടങ്ങരുതെന്ന് ഇക്രിമയോട് പറയുകയും ചെയ്തിരുന്നു. എന്നാൽ, ഇക്രിമ ധിറുതികാണിക്കുകയും മുമ്പേ വിവരിച്ചതുപോലെ ശുറഹ്ബീലെത്തിച്ചേരുന്നതിനു മുമ്പേതന്നെ കടന്നാക്രമിക്കുകയും ചെയ്തു. മുസയ്‌ലിമ അദ്ദേഹത്തെ സമ്മർദ്ദത്തിലാക്കുകയും പരാജയപ്പെട്ട് അദ്ദേഹം പിൻവാങ്ങുകയും ചെയ്യ്തു. ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസ്നയ്ക്ക് വിവരം ലഭിച്ചപ്പോൾ എവിടെയായിരുന്നുവോ അ

വിടെതന്നെ അദ്ദേഹം നിന്നു. ഹദ്റത്ത് അബൂബക്ർ(റ) ശുറഹ്ബീലിനോട് തന്റെ അടുത്ത കല്പന വരുന്നതുവരെ യമാമയ്ക്കടുത്തുതന്നെ തങ്ങുന്നതിന് സന്ദേശമയച്ചു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ്291, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റൂത്ത് 2012)*

ഹദ്റത്ത് അബൂബക്ർ(റ) ഇക്രിമയ്ക്ക് സന്ദേശമയച്ചുകൊണ്ടെഴുതി, ഇനി നീ ഏതെങ്കിലും മഹത്തായ കാര്യം ചെയ്യുന്നതുവരെ ഞാൻ നിന്നെ കാണുന്നതുമല്ല, നിന്റെ ഒരു കാര്യവും കേൾക്കുന്നതുമല്ല. ഏതെങ്കിലും അസാധാരണമായ കാര്യം ചെയ്ത് കാണിക്കുന്നതാണെങ്കിൽമാത്രം അത് കഴിഞ്ഞ് എന്റെ അടുത്ത് വന്നാൽ മതി. പിന്നീട് അദ്ദേഹം പറഞ്ഞു, 'നീ ഒമാനിൽപോകുക. ഒമാൻകാരോട് പോരാടുക. ഹുദയ്ഫയേയും അർജഫയേയും സഹായിക്കുക.

എന്തായാലും ഒമാൻ പേർഷ്യൻ ഗൾഫിന്റെ ഭാഗമായിരുന്നു. അക്കാര്യം നേരത്തെ സൂചിപ്പിച്ചതാണ്. അപ്പോൾ അതിൽ ഹജ്ജിന്റെ അറേബ്യൻ ഐക്യസമിതിയുടെ പൂർവപ്രദേശങ്ങളും ഉൾപ്പെട്ടിരുന്നു. വിഗ്രഹാരാധകരായ അസ്ദും ഇതര ഗോത്രങ്ങളും മറ്റുമായിരുന്നു അവിടെ അധിവസിച്ചിരുന്നത്. അവർ അഗ്നിയാരാകരായിരുന്നു. മുസ്ഖത്ത് സ്വുഹാറും ദബായും അവിടെയുള്ള തീരപ്രദേശങ്ങളാണ്. ഹദറ്ത്ത് അബൂബക്ർ(റ)പറയുകയുണ്ടായി, നിങ്ങൾ ഓരോരുത്തരും അവരവരുടെ കുതിരപ്പടയെ നയിക്കുന്നതായിരിക്കും. എന്നാൽ, ഹുദയ്ഫയുടെ കീഴിലുള്ള പ്രദേശങ്ങളിലുള്ളപ്പോൾ അദ്ദേഹം നിങ്ങളുടെ എല്ലാവരുടെയും അമീറായിരിക്കും. ദൗത്യം കഴിഞ്ഞാൽ നിങ്ങൾ മഹ്റഹിലേക്ക് പൊയ്ക്കൊള്ളുക. യമനിലെയും ഹളർമൗത്തിലെയും സൈനികനീക്കങ്ങളിൽ നിങ്ങൾ മുഹാജർ ബിൻ അബൂഉമയ്യയോടൊപ്പം നില്ക്കുക. ഒമാനിലെയും യമനിലെയും മുർത്തദ്ദീങ്ങളോട് പടവെട്ടുക. എനിക്ക് നിങ്ങളുടെ യുദ്ധത്തിലെ വീരഗാഥകൾ കേട്ടുകൊണ്ടിരിക്കാൻ കഴിയണം. *(താരീഖ് അത്ത്വബരി വാല്യം 2, പേജ്291, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ ബെയ്റൂത്ത്2012)(അറ്റ്ലസ് സീറത്ത് നബവി(സ), പേജ് 68, മക്തബ ദാറുസ്സലാം അർരിയാള് ഹിജ്റ 1424)*

ഇത് ഹദ്റത്ത് അബൂബക്ർ(റ) നല്കിയ നിർദേശമാണ്. ഏതായാലും ഇക്രിമ പുറപ്പെടുന്നതിനുമുമ്പേ ഹദ്റത്ത് അബൂബക്റിന്റെ നിർദ്ദേശാനുസരണം ഹുദയ്ഫ ബിൻ മിഹ്സ്വൻ ഗൽഫാനി ഒമാനിലേക്കും അർഫജ ബാറഖീ, മഹ്റഹിലെ മുർത്തദ്ദീങ്ങളുമായി യുദ്ധം ചെയ്യുന്നതിനും പുറപ്പെട്ടുകഴിഞ്ഞിരുന്നു. ഹദ്റത്ത് അബൂബക്റിന്റെ കൽപ്പനയനുസരിച്ച് ഇക്രിമാ തന്റെ സൈന്യസമേതം അർ ഫജയേയും ഹുദയ്ഫയെയും പിന്തുടർന്നുകൊണ്ട് യാത്ര ആരംഭിച്ചിരുന്നു. അവർ രണ്ടുപേരും ഒമാനിലെ ത്തും മുമ്പേതന്നെ ഇക്രിമ അവരെ വഴിമധ്യേ കണ്ടുമുട്ടുകയുണ്ടായി. ഒമാനിൽനിന്നും മടങ്ങി വന്ന ശേഷം ഇക്രിമയുടെ അഭിപ്രായം നടപ്പിൽ വരുത്തണമെന്ന് ഇവരോടു രണ്ടുപേരോടും അബൂബക്ർ(റ) നിർദ്ദേശിച്ചതായിരുന്നു. ഇക്രിമ പറയുമ്പോലെ അദ്ദേഹത്തോടൊപ്പം പോകുകയോ അല്ലെങ്കിൽ ഒമാനിൽതന്നെ താമസം തുടരുകയോ ചെയ്യണം. ഏതായാലും മുമ്പേ വിവരിച്ചതുപോലെ ഈ മൂന്ന് അമീറുമാരും ഒമാന്റെ സമീപപ്രപദേശമായ റുജാമിൽ സമ്മേളിച്ചപ്പോൾ ജയ്ഫറിന്റേയും അബ്ബാദിന്റേയും അടുത്ത്ക്ക് ദൂതരെച്ചു. മറുഭാഗത്ത് ലഖീത്വീന്ന് അവരുടെ സൈന്യം വന്ന വിവരം ലഭിച്ചപ്പോൾ അയാൾ തന്റെ സൈന്യത്തെ സംഘടിപ്പിച്ച് ദബായിൽച്ചെന്ന് തമ്പടിച്ചു. ജയ്ഫറും അബ്ബാദും ഒളിത്താവളത്തിൽ നിന്നു പുറത്തുവന്ന് സ്വുഹാറിൽലെത്തി തമ്പടിച്ചു. തങ്ങളുടെ അടുത്ത് വരണമെന്ന് ഹുദയ്ഫയോടും അർഫജയോടും ഇക്രിമയോടും അപേക്ഷിച്ചു. മുമ്പേ പറഞ്ഞതുപോലെ അവരെല്ലാവരുംതന്നെ ആ രണ്ടുപേരുടേയും അടുത്ത് സ്വുഹാറിലെത്തി. അവിടെ സമീപ പ്രദേശങ്ങളിലുള്ള മുർതദ്ദീങ്ങളെ വകവരുത്തി. ആ പ്രദേശങ്ങളിലുള്ള എല്ലാവരുമായും സന്ധിയും ചെയ്തു. അതു കൂടാതെ ഈ അമീറുമാർ എല്ലാം ലഖീത്വിന്റെ സുഹൃത്തുക്കളായ നേതാക്കന്മാർക്ക് കത്തും എഴുതി. അവർ ആദ്യമായി ബനുജുദയ്ദയുടെ നേതാവിൽനിന്നാണ് തുടക്കം കുറിച്ചത്. ആ നേതാക്കന്മാരെല്ലാംതന്നെ മുസ് ലിമീങ്ങൾക്ക് കത്തിന് മറുപടിയും അയച്ചു. ഇവിടെ പരാമർശിച്ചപോലെ തൽഫലമായി ആ നേതാക്കന്മാരെല്ലാം ലഖീത്വിനെ കൈയൊഴിഞ്ഞു. തുടർന്ന് ലഖീത്വിന്റെ സൈന്യവുമായി മുസ്ലിമീങ്ങളുടെ ശക്തമായ യുദ്ധം നടന്നു. അതിൻറെ വിശദാംശങ്ങൾ മുമ്പേ പറഞ്ഞുകഴിഞ്ഞതാണ്. ഇക്രിമയും ഹുദയ്ഫയും അതിനുശേഷം ഐകകണ്ഠ്യേനയുള്ള ഒരു തീരുമാനത്തിലെത്തി. ഹുദയ്ഫ ഒമാനിൽതന്നെ തങ്ങിക്കൊണ്ട്കാര്യങ്ങൾനിയന്ത്രിക്കുകയും ജനങ്ങൾക്ക് ക്രമസമാധാനം ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. അങ്ങനെ ഇക്രിമ മുസ്ലിമീങ്ങളുടെ വൻ സൈന സന്നാഹത്തോടെ മറ്റു മുര്‍ രിക്കീങ്ങളുമായി പട വെട്ടുന്നതിന് മുന്നോട്ടു ഗമിച്ചു. അദ്ദേഹം മഹറഹ്യിൽ നിന്നു യുദ്ധ നടപടികൾക്ക് തുടക്കം കുറിച്ചു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 292, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്2012)*

ഹദ്റത്ത് ഇക്രിമയുടെ മഹ്റഹ് ഗോത്രത്തിലേക്കുള്ളമുന്നേറ്റത്തെകുറിച്ച്ഇപ്രകാരം വന്നിരിക്കുന്നു, ഒമാനിലെ മുർത്തദ്ദീങ്ങളെ ഇല്ലായ്മ ചെയ്തതിനുശേഷം ഇക്രിമ സൈന്യത്തോടൊപ്പം നജദിലെ മഹ്റഹ് ഗോത്രക്കാരിലേക്ക് യാത്രതിരിച്ചു. അദ്ദേഹം ഒമാനിലേയും സമീപപ്രപദേശങ്ങളിലെയും ജനങ്ങളോട് തന്റെ യുദ്ധ ദൗത്യത്തിന് സഹായം തേടിയെന്നും വന്നിരിക്കുന്നു. അദ്ദേഹം യാത്ര തുടരുകയും മഹ്റഹ് ഗോത്രം അധിവസിക്കുന്ന പ്രദേശത്തെത്തുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം വിവിധ ഗോത്ര വാസികളുമുണ്ടായിരുന്നു. അദ്ദേഹം മഹ്റഹ് ഗോത്രത്തെയും അതുപോലെ പ്രാന്തപ്രദേശങ്ങളേയും കടന്നാക്രമിച്ചു. അവരെ നേരിടാനായി മഹ്റഹിലെ ആളുകൾ രണ്ടു വിഭാഗമായി തിരിഞ്ഞിരുന്നു. ജയ്റൂത്തിലെ ശിഖ്രിയ്യത്ത് എന്ന വ്യക്തിയുടെ കീഴിൽ ഒരു സംഘം യുദ്ധത്തിന് തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു. മറ്റൊരു സംഘം നജ്ദിലെ ബനുമുഹാരിബിലെ ഒരു വ്യക്തിയായ മുസ്വബ്ബഹിന്റെ കീഴിൽ അണിനിരന്നിരുന്നു. യഥാർഥത്തിൽ ശിഖ്രിയ്യത്തും അയാളുടെ സംഘടനയുമൊഴികെ എല്ലാ മഹ്റഹും ഇതേ സൈന്യത്തിന്റെ നേതാവിന്റെ കീഴിൽ തന്നെയായിരുന്നു. ഈ രണ്ടു സൈന്യാധിപന്മാരും പരസ്പരം ശത്രുക്കളായിരുന്നു. ഒരാൾ മറ്റൊരാളെ തങ്ങളുമായി ചേരാൻ ക്ഷണിച്ചുകൊണ്ടിരുന്നു. രണ്ടു കൂട്ടരും തനിക്കാണ് വിജയം ലഭിക്കേണ്ടതെന്ന് ആഗ്രഹിച്ചിരുന്നു. അക്കാര്യത്തിലൂടെ യായിരുന്നു അല്ലാഹു മുസ്ലിമീങ്ങളെ സഹായിച്ചിരുന്നത്. അപ്രകാരം മുസ്ലിമീങ്ങൾ കരുത്താർജിക്കുകയും ശത്രുക്കൾ ദുർബലരാകുകയും ചെയ്തു. ശിഖരിയ്യത്തിനോടൊപ്പം കുറച്ചുപേർ മാത്രമേ ഉള്ളൂ വെന്ന് ഇക്രിമ കണ്ടപ്പോൾ അദ്ദേഹം അവരെ ഇസ്ലാമിലേക്ക് മടങ്ങിവരാൻ ക്ഷണിച്ചു. അവർ മുമ്പേ മുസ്ലിമീങ്ങളായിരുന്നു. വീണ്ടും ഇസ്ലാമിലേക്ക് പ്രവേശിക്കാനും മുസ്ലിമീങ്ങളുമായി യുദ്ധം ചെയ്യാതിരിക്കാനും വേണ്ടി പറഞ്ഞു. ആദ്യ സംഭാഷണത്തിൽത്തന്നെ ശിഖരിയ്യത്ത് അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിച്ചു. അങ്ങനെ അല്ലാഹു മുസ്വബ്ബഹിനെ ദുർബലനാക്കി. തുടർന്ന് ഇക്രിമ മുസ്വബ്ബഹിന്റെ അടുത്തേക്കു ദൂതനെ അയച്ചു. അവരോട ഇസ്ലാമിലേക്ക് മടങ്ങിവരാനും കുഫ്ർ ഉപേക്ഷിക്കാനും ക്ഷണിച്ചു. എന്നാൽ, അയാളോടൊപ്പമുള്ള ജനപ്പെരുപ്പം അയാളെ വഞ്ചിതനാക്കി. ശിഖ്രിയ്യത്ത് മുസ് ലിമായതുകൊണ്ട് അയാളും മുസ്വബ്ബഹും തമ്മിലുള്ള അകൽച്ച വർധിച്ചു. ഏതായാലും ഇക്രിമ അവരുമായി യുദ്ധം ചെയ്യുകയും അദ്ദേഹത്തോടോപ്പം സഹായത്തിന് ശിഖ്രിയ്യത്ത് നിലകൊള്ളുകയും ചെയ്തു. നജ്ദിൽ വെച്ച് രണ്ടു പേരും മുസ്വബ്ബഹുമായി യുദ്ധം ചെയ്തു. അത് ദബായിലുണ്ടായതിനെക്കാൾ വലിയ യുദ്ധമായിരുന്നു. മുർത്തദ്ദീങ്ങളായ പ്രക്ഷോഭകാരികളുടെ സൈന്യത്തിന് അല്ലാഹു പരാജയം നൽകി. അവരുടെ നേതാവ് വധിക്കപ്പെട്ടു. പിന്തിരിഞ്ഞോടിയവരെ മുസ്ലിമീങ്ങൾ പിന്തുടർന്നു. ഒരുപാടുപേരെ വധിക്കുകയും ഒരുപാടുപേർ ബന്ദികളാക്കുകയും ചെയ്തു. യുദ്ധമുതലുകളുടെ കൂട്ടത്തിൽ നല്ല ഇനത്തിലുള്ള 2000 ഒട്ടകങ്ങളെയും മുസ്ലിമീങ്ങൾക്ക് ലഭിച്ചു. ഇക്രിമ യുദ്ധമുതൽ അഞ്ചുഭാഗമായി തിരിച്ചു. അതിൽ ഒരുഭാഗം അബൂബക്റിന് സമർപ്പിക്കാനായി അദ്ദേഹം ശിഖ്രിയ്യത്തിനെ അയച്ചു. ശേഷിച്ച നാലു ഭാഗം അദ്ദേഹം മുസ്ലിമീങ്ങളിൽ വിതരണം ചെയ്തു. അങ്ങനെ ഇക്രിമയുടെ സൈന്യം സമ്പത്തും മറ്റു സാമഗ്രികളും മുഖേന കൂടുതൽ ശക്തി പ്രാപിച്ചു. ഹദ്റത്ത് ഇക്രിമ അവിടെ താമസിച്ചുകൊണ്ട് ആ പ്രദേശത്തുള്ള മുഴുവൻ ആളുകളെയും ഒരുമിച്ചുകൂട്ടി. അവരെല്ലാവരും ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. ഹദ്റത്ത് ഇക്രിമ ഈ വിജയത്തിന്റെ സന്തോഷവാർത്ത സാഇബ് എന്നു പേരുള്ള ഒരു വ്യക്തി മുഖേന ഹദ്റത്ത് അബൂബക്റിന്റെ സന്നിധിയിലെത്തിച്ചു. *(താരീഖ് അത്ത്വബരി*

*വാല്യം 2, പേജ് 292-293, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ ബെയ്റുത്ത്2012)*

അടുത്തത് ഹദ്റത്ത് ഇക്രിമയുടെ യെമനിലേക്കുള്ള മുന്നേറ്റത്തെ കുറിച്ചുള്ള പരാമർശമാണ്. ഹദ്റത്ത് അബൂബക്ർ സിദ്ദിഖ്[റ]ന്റെ മുമ്പേ പരാമർശിച്ച കത്തിൽ മഹ്റഹിനു ശേഷം യെമനിലേക്ക് പോകാനും, യെമന്റേയും ഹളറമൗത്തിന്റെയും നടപടികളിൽ ഹദ്റത്ത് മുഹാജിർ ബിൻ അബീ ഉമയ്യയോടൊപ്പം നിൽക്കാനും ഒമാനും യെമനുമിടയിൽ മുർത്തദ്ദായ എല്ലാവരെയും അടിച്ചമർത്താനും നിർദ്ദേശിച്ചിരുന്നു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ്291, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്[റ]ന്റെ ഈ നിർദ്ദേശം നിറവേറ്റിക്കൊണ്ട് ഹദ്റത്ത് ഇക്രിമ മഹ്റഹിൽനിന്നു യെമനിലേക്ക് മുന്നേറി 'അബ്യൻ' വരെ എത്തുകയും ചെയ്തു. അബ്യനും യെമനിലെ ഒരു പട്ടണമാണ്. മഹ്റഹ് ഗോത്രത്തിൽ നിന്നും മറ്റു പല ഗോത്രങ്ങളിൽനിന്നുമായി നിരവധിയാളുകൾ ഉൾക്കൊള്ളുന്ന സൈന്യം അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഹദ്റത്ത് ഇക്രിമ തെക്കൻ യെമനിൽത്തന്നെ താമസിച്ച് 'നഖഅ്, ഹിംയർ' എന്നീ ഗോത്രങ്ങളെ അടിച്ചമർത്തുന്നത് തുടർന്നു, യമന്റെ വടക്കുഭാഗത്തേക്ക് പോകേണ്ട ആവശ്യംതന്നെ അദ്ദേഹത്തിനുണ്ടായില്ല.

ഹദ്റത്ത് ഇക്രിമ 'നഖഅ്' ഗോത്രത്തിൽ പെട്ട ഓടിപ്പോയ ആളുകളെ പിടിച്ചുകൊണ്ടുവന്നശേഷം ആ ഗോത്രത്തിലെ ആളുകളെ ഒരുമിച്ചുകൂട്ടിക്കൊണ്ട് അവരോട് ചോദിച്ചു: 'ഇസ്‌ലാമിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?'അവർ പറഞ്ഞു, 'ഞങ്ങൾ ജാഹിലിയ്യ കാലത്തും മതവിശ്വാസികളായിരുന്നു, ഞങ്ങൾ മതത്തോടു കൂറ് പുലർത്തിയിരുന്നു, ഞങ്ങൾ അറബികൾ പരസ്പരം ആക്രമിച്ചിട്ടുണ്ടായിരുന്നില്ല, ഇപ്പോൾ ഈ ദീനിന്റെ ശ്രേഷ്ഠതകൾ അറിയുകയും, ഇതിനോടുള്ള സ്നേഹം ഹൃദയത്തിൽ പ്രവേശിക്കുകയും ചെയ്തതിനു ശേഷം എന്തായിരിക്കും അവസ്ഥ അഥവാ ഇസ്‌ലാമിനോടുള്ള സ്നേഹം ഇപ്പോൾ ഞങ്ങളുടെ ഹൃദയത്തിൽ പ്രവേശിച്ചിരിക്കുന്നു. ഹദ്റത്ത് ഇക്രിമ അവരെക്കുറിച്ച് അവർ പറയുന്നത് ഹൃദയത്തിൽ നിന്നാണോ അതോ അവരുടെ ജീവൻ രക്ഷിക്കാൻ വേണ്ടിയാണോ എന്നന്വേഷിച്ചപ്പോൾ കാര്യം അവർ അവതരിപ്പിച്ചതുപോലെ തന്നെയാണെന്ന് മനസ്സിലായി. വാസ്തവത്തിൽ, അവർ ശരിയായ വിവരണമാണ് നൽകിയിരിക്കുന്നത്. അവരുടെ ആളുകൾ ഇസ്‌ലാമിൽ ഉറച്ചുനിന്നു, എന്നാൽ, അവരുടെ ഉറ്റവരിൽനിന്ന് മുർത്തദ്ദായവർ ഓടിപ്പോയി. അങ്ങനെ ഹദ്റത്ത് ഇക്രിമ 'നഖഅ്, ഹിംയർ' എന്നീ ഗോത്രങ്ങളെ അവർ മുർത്തദ്ദായെന്ന ആരോപണത്തിൽ നിന്നു മോചിപ്പിച്ചു. അവരെ എല്ലാവരേയും സംഘടിപ്പിക്കുന്നതിനുവേണ്ടി അവിടെത്തന്നെ താമസിച്ചു. *(താരീഖ് അത്ത്വബരി വാല്യം 2, പേജ്298, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർറജ്ജിം പേജ് 233, പ്രസാധനം ബുക് കോർണർ ഷോ റൂം ഝലം)(മുഅ്ജമുൽ ബുൽദാൻ വാല്യം 1, പേജ് 109)*

അബയനിലെ ഹദ്റത്ത് ഇക്രിമയുടെ താമസംകൊണ്ട് അസ്വദ് അൻസിയുടെ അവശേഷിച്ച ജമാഅത്തിനുമേൽ അഗാധമായ സ്വാധീനമുണ്ടായി. അത് ഖയ്സ് ബിൻ മക്ശൂഹിന്റെയും അംറ് ബിൻ മഅദി കരിബിന്റെയും നേതൃത്വത്തിലായിരുന്നു. ഖയ്സ് സ്വൻആയിൽനിന്ന് ഓടിപ്പോയതിനു ശേഷവും അവിടെ തന്നെ ചുറ്റിത്തിരിഞ്ഞു. കൂടാതെ അംറ് ബിൻ മഅദി കരിബിന്റെയും അസ്വദ് അൻസിയുടേയും ലഹ്ജിലുള്ള പാർട്ടിയിൽ ചേർന്നു. എന്നാൽ, ഹദ്റത്ത് ഇക്രിമ അബയനിലെത്തിയപ്പോൾ, ഖയ്സും അംറ് ബിൻ മഅദി കരിബും അദ്ദേഹത്തെ വധിക്കാൻ ഒരുമിച്ചു കൂടുകയും യുദ്ധത്തിന് തയ്യാറാകുകയും ചെയ്തു. പക്ഷേ, താമസിയാതെ അവർക്കിടയിൽ അഭിപ്രായഭിന്നതയുണ്ടായി. അവർ പരസ്പരം പിരിഞ്ഞു. അങ്ങനെ കിഴക്ക് നിന്നുള്ള ഹദ്റത്ത് ഇക്രിമയുടെ വരവ് ലഹജിലുള്ള മുർത്തദ്ദായവരെ ഉന്മൂലനം ചെയ്യുന്നതിൽ പ്രധാന പങ്ക് വഹിച്ചു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, സ്വലാബീ മുത്തർറജിം പേജ് 304, മക്തബെ അൽഫുർഖാൻ, മുള്ഫർ ഗഢ്)*

യെമനിനോടു ചേർന്ന് ഹളറമൗത്ത് എന്ന പ്രദേശത്തായിരുന്നു കിൻദ ഗോത്രം താമസിച്ചിരുന്നത്. ഈ പ്രദേശത്തിന്റെ പ്രവർത്തകൻ ഹദ്റത്ത് സിയാദ് ബിൻ ലബീദ് ആയിരുന്നു. അദ്ദേഹം സക്കാത്തുമായി ബന്ധപ്പെട്ട് നിർബന്ധം ചെലുത്തിയിരുന്നു. അതിനാൽ അദ്ദേഹത്തിനെതിരെ കലാപം പൊട്ടിപ്പുറപ്പെട്ടു. അപ്പോൾ ഹദ്റത്ത് ഇക്രിമയും ഹദ്റത്ത് മുഹാജിർ ബിൻ അബുഉമയ്യയും അദ്ദേഹത്തിന്റെ സഹായത്തിനെത്തി. ഇതിന്റെ വിശദാംശങ്ങൾ ഹദ്റത്ത് മുഹാജിർ ബിൻ ഉമയ്യയുമായി ബന്ധപ്പെട്ട് വിവരിക്കുന്നതായിരിക്കും. ഹദ്റത്ത് ഇക്രിമ മുർത്തദ്ദീങ്ങളെ ഒതുക്കിയ ശേഷം മദീനയിലേക്ക് മടങ്ങാൻ തയ്യാറെടുക്കുമ്പോൾ യുദ്ധക്കളത്തിൽവച്ച് അദ്ദേഹം വിവാഹം കഴിച്ച നുഅ്മാൻ ബിൻ ജൗനിന്റെ മകളും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അതിനുമുമ്പേ ഉമ്മു തമീമിന്റെയും മുജ്ജാഅയുടെയും മകളെ വിവാഹം കഴിച്ചതുകൊണ്ട് ഹദ്റത്ത് ഖാലിദ് ബിൻ വലീദുമായി ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്[റ] കടുത്ത അതൃപ്തി പ്രകടിപ്പിച്ചിരുന്നുവെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. *(അതിനെ കുറിച്ചുള്ള വിവരണം കഴിഞ്ഞ ഖുത്ബയിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്)* അതറിഞ്ഞിട്ടും ഹദ്റത്ത് ഇക്രിമ അവരെ വിവാഹം കഴിച്ചു. അതുകൊണ്ടുതന്നെ ഹദ്റത്ത് ഇക്രിമയുടെ സൈന്യത്തിലെ പല വ്യക്തികളും അദ്ദേഹവുമായി വിട്ടുനിന്നു. ഈ വിഷയം ഹദ്റത്ത് മുഹാജിറിന്റെ മുമ്പാകെ അവതരിപ്പിച്ചെങ്കിലും അദ്ദേഹത്തിനും തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ[റ] അടുക്കൽ ഈ സാഹചര്യങ്ങളെല്ലാം എഴുതി, അദ്ദേഹത്തോട് അഭിപ്രായം ചോദിച്ചു.

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്[റ] ജനങ്ങൾക്ക് അനിഷ്ടകരമായ ഒരു തെറ്റും അദ്ദേഹം ചെയ്തിട്ടില്ലെന്ന് മറുപടി എഴുതി. അതൃപ്തി പ്രകടിപ്പിച്ചവരിൽ ചിലർ അതിൽ തൃപ്തരായെങ്കിലും ചിലർക്ക് ഇക്രിമയോട് അതൃപ്തി തോന്നാൻ കാരണവും പറയുന്നുണ്ട്. ഒരിക്കൽ നുഅ്മാൻ ബിൻ ജൗനും നബി[സ]യുടെ അടുക്കൽ വരികയും തന്റെ മകളെ വിവാഹ ചെയ്ത് സ്വീകരിക്കാൻആവശ്യപ്പെടുകയും ചെയ്തു. എന്നാൽ, നബി(സ)തിരുമേനി അത് വിസമ്മതിക്കുകയും അവരുടെ മകളെ അവളുടെ പിതാവിനോടൊപ്പം തിരിച്ചയക്കുകയും ചെയ്തു. നബി[സ]തിരുമേനി ഈ പെൺകുട്ടിയെ ഒരിക്കൽ നിരാകരിച്ചിരുന്നു. നബി[സ]തിരുമേനിയുടെ മാതൃക പിന്തുടർന്നുകൊണ്ട് ഇക്രിമ ഈ പെൺകുട്ടിയെ വിവാഹം കഴിക്കേണ്ടതില്ലെന്ന് അദ്ദേഹത്തിന്റെ സൈന്യത്തിലെ ഒരു വിഭാഗം കരുതി. അതായിരുന്നു അവർക്ക് ഹദ്റത്ത് ഇക്രിമയോട് അതൃപ്തി തോന്നാനുണ്ടായ കാരണം. എന്നാൽ, ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്[റ] ഈ വാദം അംഗീകരിച്ചില്ല. എന്നുമാത്രമല്ല ആ വാദം തികച്ചും തെറ്റാണെന്ന് പറഞ്ഞുകൊണ്ട് ഹദ്റത്ത് ഇക്രിമയുടെ വിവാഹത്തെ അനുവദനീയമാണെന്ന് പറയുകയും ചെയ്തു.

ഹദ്റത്ത് ഇക്രിമ ഭാര്യയുമായി മദീനയിലേക്ക് മടങ്ങി, അദ്ദേഹത്തോട് യോജിക്കാൻ കഴിയാതെ വിട്ടുനിന്ന സൈന്യത്തിന്റെ ഭാഗവും വീണ്ടും അവരോടൊപ്പം ചേർന്നു. *(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർറജ്ജിം പേജ് 242-243,*

ശേഷം പേജ് 9 ൽ

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാല്യം 1, പേജ് 220)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി[സ]തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'**

*(മൽഫൂദാത്ത് വാല്യം 3, പേജ് 38)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാല്യം 7 ലക്കം 26 പേജ് 8, കോളം 2-ൽ നിന്ന്)

**നിക്കാഹുകളുടെ വിളംബരം**

**ഹുസൂറിന്റെ അനുഗൃഹീത സാന്നിധ്യം**

നമസ്കാര ശേഷം ജർമനി ഇൻചാർജ് മുബല്ലിഗ് താഴം പറയുന്ന 4 നിക്കാഹ് വിളംബരം ചെയ്തു. ഹുദൂറിന്റെ സാന്നിധ്യംകൊണ്ട് ഈ പരിപാടി അനുഗൃഹീതമായി.

✧ ഹഫീള് അഹ്മദ് ഖുറയ്ശി സാഹിബിന്റെ മകൾ അസീസ ഖുർറത്തുൽ ഐനിന്റെ നിക്കാഹ് അർശദ് അഹ്മദ് ശഹ്ബാസ് സാഹിബിന്റെ മകൻ അസീസം റിസ്വാൻ മലിക്ക് സാഹിബുമായി നടന്നു.

✧ ശബീർ അഹ്മദ് ഖ്വാജാ സാഹിബിന്റെ മകൾ അസീസ നാഇലാ കൻവൽ ഖ്വാജയുടെ നിക്കാഹ് ഫലാഹുദ്ദീൻ സയ്ഫ് സാഹിബ് മർഹൂമിന്റെ മകൻ അസീസം മിസ്ബാഹുദ്ദീൻ സയ്ഫുമായി നടന്നു.

✧ ത്വാരിഖ് മഹ്മൂദ് സാഹിബിന്റെ മകൾ അസീസ ലുബ്നാ ത്വാരിഖിന്റെ നിക്കാഹ് നാസ്വിർ അഹ്മദ് മലിക്ക് സാഹിബിന്റെ മകൻ അസീസം യാസിർ അഹ്മദ് മലിക്കുമായി നടന്നു.

✧ മീർ നസ്വീറുല്ലാഹ് ഖാൻ സാഹിബിന്റെ മകൾ അസീസ സ്വദഫ് ഖാൻ സാഹിബിന്റെ നിക്കാഹ് ഗുലാമുല്ലാഹ് ഖാൻ സാഹിബിന്റെ മകൻ അസീസം അഹദ് ജാൻ ഖാൻ സാഹിബുമായി നടന്നു.

അവസാനം ഹുസൂർ ദുആയ്ക്ക് നേതൃത്വം നല്കി.

മഹ്ദിയാബാദ് മനോഹരമായ കൊടിതോരണങ്ങൾ കൊണ്ടും വർണ്ണാഭമായ ബൾബുകൾ കൊണ്ടും അലങ്കരിക്കപ്പെട്ടിരുന്നു. വിളക്കുകളുടെ ഈ വർണക്കാഴ്ച മസ്ജിദ് ബയ്ത്തുൽ ബസീറും പരിസ്സരവും ദൃഷ്ടികൾക്ക് ആനന്ദദായകമായിരുന്നു. നമ്സ്കാരം നിർവഹിക്കുന്നതിനും ഭക്ഷണത്തിനും താമസിക്കുന്നതിനും 3 വലിയ വലിയ പന്തലുകൾ ഇട്ടിരുന്നു. ഓരോ പന്തലിലും ആയിരത്തോളം പേർക്ക് നമസ്കരിക്കാൻ സൗകര്യമുണ്ടായിരുന്നു. ഒന്ന് പുരുഷന്മാർക്കും മറ്റത് സ്ത്രീകൾക്കും ഒന്ന് ഭക്ഷണ വിതരണത്തിനും തയ്യാറാക്കിയതായിരുന്നു. നൂറുക്കണക്കിന് ഖുദ്ദാമുകളും മറ്റു വ്യക്തികളും വിവിധ വിഭാഗങ്ങളിൽ ഡ്യൂട്ടിക്കുവേണ്ടി നിയോഗിതരായിരുന്നു. വളരെ നല്ല അച്ചടക്കത്തോടെ സ്വന്തം കർത്തവ്യങ്ങളിൽ അവർ നിരതരായിരുന്നു. ലങ്കർഖാന അഥവാ ഭക്ഷണശാലയുടെ സംവിധാനവു മുണ്ടായിരുന്നു. ഇവിടെ ആയിരക്കണക്കിന് വ്യക്തികൾക്കുള്ള ഭക്ഷണമാണ് തയ്യാറാക്കപ്പെടുന്നത്. വിവിധ സ്ഥലങ്ങളിലായി പാർക്കിംഗ് സംവിധാനവും ഒരുക്കിയിരുന്നു.

**മഹ്ദിയാബാദ്; ഒരു ലഘു വിവരണം**

ഹംബർഗ് പട്ടണത്തിലൽനിന്നു 30 കിലോമീറ്റർ അകലെയായി നാഹെ(Nahe) എന്നു പേരുള്ള പ്രദേശത്ത് മഹ്ദിയാബാദ് സ്ഥിതി ചെയ്യുന്നു. ഇത് സെഗെബെർഗ് (Segeberg)ജില്ലയുടെ ഭാഗമാണ്. സംസ്ഥാനത്തിന്റെ പേര് ശെൽസ് വിഗ്-ഹോൽസ്റ്റൈൻ(Schleswig Holstein) എന്നാണ്. ജർമനിയുടെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന സംസ്ഥാനമാണിത്. തലസ്ഥാനം കീലാണ് (Kiel). ഹദ്റത്ത് വാഗ്ദത്ത മസീഹ്[അ]ന്റെ കൈയിൽ ബയ്അത്ത് ചെയ്ത് ജർമൻ സ്വദേശിയുടെ ജന്മനാടായിരുന്നു ഇത്.

1989 ജൂലായ് 12-ന് 6 ലക്ഷം ജർമൻ മാർക്കിന് മഹ്ദിയാബാദ് എന്ന് പിൽക്കാലത്ത് നാമകരണം ചെയ്യപ്പെട്ട ഈ സ്ഥലം വാങ്ങിച്ചു. ഇത് 2 ഭാഗങ്ങളായാണ് സ്ഥിതി ചെയ്യുന്നത്. ഒരു ഭാഗത്ത് ജമാഅത്ത് സെന്റർ സ്ഥിതി ചെയ്യുന്നു. ഇപ്പോൾ അവിടെ മസ്ജിദ് ബയ്ത്തുൽ ബസ്വീർ നിർമ്മിച്ചു കഴിഞ്ഞു. ഇത് 21479 ചതുരശ്രമീറ്റർ വിസ്താരമുള്ളതാണ്. അതായത് 5 ഏക്കറിൽ കൂടുതൽ സ്ഥലം ഇതിലുണ്ട്. രണ്ടാമത്തെ ഭാഗം ഇവിടെനിന്ന് 800 മീറ്റർ ദൂരത്താണുള്ളത്. ഇത് വയൽ ഉൾപ്പെടുന്ന പ്രദേശമാണ്. ഇതിന്റെ വിസ്തൃതി 1 ലക്ഷത്തി അമ്പത്തി ഓരായിരം ചതുരശ്ര മീറ്ററാണ്. അതായത് 26.37 ഏക്കർ. മഹ്ദിയാബാദിൽ ഒരു കെട്ടിടം മുമ്പേതന്നെ നിർമ്മിതമായത് ലഭിച്ചിരുന്നു. ഇതിന്റെ ഒരു ഭാഗം താമസ സൗകര്യത്തിനുവേണ്ടിയും മറ്റൊരു ഭാഗത്തുള്ള 2 ഹാളുകളിൽ മാറ്റം വരുത്തി നമസ്കാരത്തിനുവേണ്ടി യും ഉപയോഗിച്ചിരുന്നു. ഇവിടെ മസ്ജിദ് നിർമാണത്തിന് അനുമതി കരസ്ഥമാക്കാൻ നീണ്ട സമയം എടുത്തു. പ്രദേശം പൂർണമായും ഉൾക്കൊള്ളുന്ന ഒരു മാസ്റ്റർ പ്ലാൻ സമർപ്പിക്കേണ്ടി വന്നു. ചില നിബന്ധനകളോടെ മസ്ജിദ് നിർമാണത്തിന് അനുമതി ലഭിച്ചു.

ഇവിടെ മസ്ജിദിന് തറക്കല്ലിട്ടത് ഹുദൂർ അൻവറിന്റെ ജർമൻ സന്ദർശന വേളയിൽ 2011 ജൂൺ 14-നാണ്. 2019-ൽ വളരെയധികം തടസ്സങ്ങൾ മറികടന്ന് ഈ മസ്ജിദിന്റെ നിർമാണം പരിപൂർത്തിയിലെ ത്തി. അനുഗ്രഹീത ജുമുഅ ദിവസം ഹുദൂർ ഈ മസ്ജിദിന്റെ ഉല്ഘാടനകർമം നിർവഹിക്കും.

**2019 ഒക്ടോബർ 25, വെള്ളിയാഴ്ച**

രാവിലെ 7 മണിക്ക് ഹുദൂർ മസ്ജിദ് ബയ്ത്തുൽ ബസ്വീറിൽ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. നമസ്കാര ശേഷം താമസസ്ഥലത്തേക്ക് മടങ്ങുകയും ഓഫീസ് സംബന്ധമായ പ്രവൃത്തി കളിൽ വ്യാപൃതനാകുകയും ചെയ്തു.

ഇന്ന് അനുഗൃഹീത ജുമുഅ ദിവസമായിരുന്നു. അനുഗ്രഹീത ജുമുഅ ദിവസത്തോടൊപ്പംതന്നെ മസ്ജിദ് ബയ്ത്തുൽബസ്വീറിന്റെ ഉദ്ഘാടന ദിവസവുമായിരുന്നു. രാവിലേ മുതൽ തന്നെ ജർമനിയുടെ വിവിധ പ്രദേശങ്ങളിൽനിന്നു മഹ്ദിയാബാദിലേക്ക് ജമാഅത്ത് സഹോദരങ്ങൾ വൻതോതിൽ എത്താൻ തുടങ്ങിയിരുന്നു. ചില സഹോദരന്മാരും കുടുംബങ്ങളും ദീർഘദൂരം യാത്ര ചെയ്താണ് എത്തിയിരുന്നത്. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ പിന്നിൽ നമസ്കരിച്ച് സായൂജ്യരാകണമെന്നതും മസ്ജിദ് ഉദ്ഘാടനത്തിൽ പങ്കെടുക്കണമെന്നതും ഓരോരുത്തരുടേയും ആഗ്രഹമായിരുന്നു.

02.00 മണിക്ക് ഹുദൂർ മയ്ജിദിന്റെ പുറമ്മതിലിൽ സ്ഥാപിച്ചിരുന്ന ഫലകം അനാച്ഛാദനം ചെയ്തു. ശേഷം വലിയൊരു പന്തലിൽ ഖുത്വ്ബ ജുമുഅ നിർവഹിച്ചു. 03.00 മണിവരെ നീണ്ടുനിന്ന ഈ ഖുത്വ്ബ എം ടി എ ഇന്റർനാഷണൽ തൽസമയം സംപ്രേഷണം ചെയ്തു. ഹുദൂർ ജുമുഅ നമസ്കാരത്തോടൊപ്പം അസ്റും ജംആക്കി നമസ്കരിപ്പിച്ചു.

**കുടുംബപരമായ കൂടിക്കാഴ്ചകൾ**

06.15-ന് ഹുദൂർ ഓഫീസിലെത്തി. ഇന്നത്തെ കുടുംബപരമായ കൂടിക്കാഴ്ചകൾക്ക് തുടക്കമിട്ടു. ഇന്നത്തെ സായാഹ്ന സെഷനിൽ19 കുടുംബങ്ങളിൽ നിന്നുമുള്ള 81 ആളുകൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. മഹ്ദിയാബാദ് ജമാഅത്തിനെ കൂടാതെ ജർമനിയിലെ താഴെ പറയുന്ന ജമാഅത്തംഗങ്ങളും ഇതിൽപ്പെടുന്നു.

വെച്ട്ട (Vechta), ഹംബർഗ് (Hamburg), ലുണെബെർഗ്(Luneburg), ലൂബെക്ക്(Lubeck), പിന്നെബെർഗ്(Pinneberg), ബ്രെമെൻ (Bremen). കൂടാതെ സ്വീഡനിൽ സന്ദർശനത്തിനു വന്ന പാക്കിസ്താനിലെ ഒരു മുറബ്ബിയും മഹ്ദിയാബാദിലെത്തി ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എല്ലാവർക്കും ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കൊച്ചു കുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ വാത്സല്യപൂർവം നല്കി.

കൂടിക്കാഴ്ചകളുടെ ഈ പരിപാടി 07.15 വരെ നീണ്ടു നിന്നു. ശേഷം ജമാഅത്തി സെന്ററിന്റെ പുരാതന കെട്ടിടവും ഓഫീസുകളും മുറബ്ബി ഹൗസും ഹുദൂർ നോക്കിക്കണ്ടു. ഭാരവാഹികൾക്ക് ചില നിർദ്ദേശങ്ങളും നല്കി.

**ആദരിക്കൽ**

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ മുൻ സ്വദ്ർ ഹസനാത്ത് അഹ്മദ് സാഹിബിന്റെ ബഹുമാനാർഥം യാത്രയയപ്പ് പരിപാടി നടന്നു. ഇതിന്നായി ഹുദൂർ വലിയ പന്തലിലെത്തി. ഈ പരിപാടിയിൽ എല്ലാ മുൻ ജർമൻ സ്വദ്ർമാരും ജർമനിയിലെ ഖുദ്ദാമുൽ അഹ്മദിയ്യാ നാഷണലൽ മജ്ലിസെ ആമിലാ അംഗങ്ങളും മജ്ലിസിന്റെ എല്ലാ ഖാഇദുമാരും ഇതര ഭാരവാഹികളും ഇതിൽ പങ്കെടുത്തു.

മുഹ്തമിം ഉമൂമി ഖുദ്ദാമുൽ അഹ്മദിയ്യാ ജർമനി ഹമ്മാദ് അഹ്മദ് സാഹിബിന്റെ തിലാവത്തോടു കൂടി പരിപാടി ആരംഭിച്ചു. റീജ്യണൽ ഖുദ്ദാമുൽ അഹ്മദിയ്യാ ഹംബർഗിന്റെ നാഇബ് ഖാഇദ് ഹന്നാൻ അഹ്മദ് ബാജ്വ സാഹിബ് സ്വരമാധുര്യത്തോടെ പദ്യമാലപിച്ചു. തുടർന്ന് ഹുദൂർ വേദിയെ സംബോധന ചെയ്തു.

തശഹ്ഹുദ്, തഅവ്വുദിനുശേഷം ഹുദൂർ പറഞ്ഞു: ഇന്നത്തെ ഈ പരിപാടി പദവിയൊഴിയുന്ന ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്റിനെ ആദരിച്ചു കൊണ്ടുള്ളതാണ്. അദ്ദേഹത്തിന് സ്വദാറത്തിന്റെ 6 വർഷം പൂർത്തിയായി. ഇപ്പോഴും ഖുദ്ദാമുൽ അഹ്മദിയ്യായിൽ തന്നെയാണെങ്കിലും കഴിഞ്ഞ

വർഷം മുതൽ നിലവിലുള്ള സ്വദ്ർസ്ഥാനം ഏറ്റെടുത്ത് ഒരു വർഷം പൂർത്തിയാക്കിയിട്ടുണ്ട്. ലോകത്ത് എല്ലാ രാജ്യത്തും വളരെ നല്ലവണ്ണം പ്രവൃർത്തിക്കുന്നവർ ഖുദ്ദാമുൽ അഹ്മദിയ്യായിലുണ്ട്. സ്ഥാനം ഒഴിഞ്ഞു പോകുന്ന സ്വദ്ർ സാഹിബിനോട് എനിക്ക് ഒരേയൊരു കാര്യമേ പറയാനുള്ളൂ. മുമ്പേ ഖാദിം എന്ന നിലയിൽ തന്നിലുണ്ടായിരുന്ന സേവന വികാരം ഇപ്പോഴും ജമാഅത്തി ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന അദ്ദേഹം ഇല്ലാതാക്കരുത്. ചില പദവികൾ തനിക്ക് ലഭിച്ച കാരണത്താൽ തന്റെ പദവി കൂടുതൽ ഉയർന്നു എന്ന് ധരിക്കരുത്. എന്നല്ല, ഓരോ ഭാരവാഹിയും ഇങ്ങെനെയാണ് മനസ്സിലാക്കേണ്ടത്.

നബി(സ)തിരുമേനി പറയുന്നു: സയ്യിദുൽ ഖൗമി ഖാദിമുഹും സമൂഹത്തിന്റെ നേതാവ് അവരുടെ സേവകനാണ്. ഈ ആത്മാവ് ഓരോ ഭാരവാഹിയിലും ഉണ്ടായാൽ ഒരു വിപ്ലവം സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. പദ്യങ്ങൾ നിങ്ങൾ ആലപിക്കുന്നു. ആവേശം നിറഞ്ഞ പ്രസംഗങ്ങളും ചെയ്യുന്നു. വലിയ വികാരങ്ങൾ പ്രകടിപ്പിക്കുന്നു. സംഘമായി ച്ചേർന്ന് കവിതകളും ആലപിക്കുന്നു. എന്നാൽ, നിങ്ങളുടെ വാക്കുകൾ നിങ്ങളുടെ ചിന്തകൾക്ക് അനുരൂപമായി പ്രവർത്തിക്കുമ്പോഴേ പ്രവർത്തന രംഗത്ത് ഫലം ലഭിക്കുകയുള്ളൂ. നിങ്ങളുടെ പ്രവർത്തികൾ വാക്കുകൾക്ക് അനുരൂപമാകേണ്ടതാണ്. അതുകൊണ്ട് പദവി ഏറ്റെടുക്കുന്ന സ്വദ്റും ഇക്കാര്യം ഓർത്തിരിക്കേണ്ടതാണ്. നീണ്ടകാലം അദ്ദേഹത്തിന് സേവനം നടത്താൻ അവസരം ലഭിച്ചിട്ടുണ്ട്. മറ്റൊരിടത്ത് സേവനം നിർവഹിക്കാൻ ഇപ്പോൾ അവസരം ലഭിക്കുന്നു. ദീനീ സേവനത്തിന് അവസരം നല്കുന്നു എന്നത് ഉന്നതനായ അല്ലാഹുവിന്റെ ഔദാര്യമാണെന്ന് ഓരോ ഭാരവാഹിയും അമീർ മുതൽ അടിത്തട്ടുവരെയുള്ള ഓരോ വ്യക്തിയും ഓർത്തു വെക്കേണ്ടതാണ്. ഇത് ആരുടേയും അവകാശമല്ല. അതിനാൽ ഈ അനുഗ്രഹത്തെ എല്ലാവരും എപ്പോഴും ഓർത്തിരിക്കേണ്ടതാണ്.

ഖാഇദുമാരും ഇവിടെ സന്നിഹിതരാണ്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ പേരിൽ ഞാൻ അവരോടും പറയട്ടെ, ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഒരു ദൗത്യം വളരെ വലിയൊരു ജോലി അഹ്മദിയ്യാ ഖിലാഫത്തിന്റെ സംരക്ഷണവുമാണ്. ഇക്കാര്യത്തിനുവേണ്ടി അവർ പ്രതിജ്ഞയും ചെയ്യുന്നു. കേവലം ഉമൂമിയുടെ കീഴിൽ ഡ്യൂട്ടി നല്കി എന്നതോ സ്പെഷ്യൽ ഡ്യൂട്ടി നല്കി എന്നതോ മാത്രം സംരക്ഷണമല്ല. ഈ പ്രവൃത്തി മറ്റുള്ളവർക്കും ചെയ്യാൻ സാധിക്കും. കാലത്തിന്റെ ഖലീഫയുടെ വാക്കുകളെ വ്യാപിപ്പിക്കുക എന്നതും അതനുസരിച്ച് പ്രവർത്തിക്കുക എന്നതുമാണ് യഥാർഥ സംരക്ഷണം. ഇതനുസരിച്ച് പ്രവർത്തിപ്പിക്കുകയും വേണം. പുതുതലമുറയെ പരിപാലിക്കുക. നമ്മൾ വലത്തും ഇടത്തും മുന്നിലും പിന്നിലും യുദ്ധം ചെയ്യുമെന്ന പ്രഖ്യാപനം മാത്രം പോര, ഈ യുദ്ധത്തിന് പ്രസക്തിയില്ല. ഇക്കാലഘട്ടത്തിലെ യുദ്ധം, ജിഹാദ് കല്പനകൾക്കനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ യഥാർഥ ദൗത്യമാണിത്. ഓരോ ഖാഇദിന്റേയും, സയീമിന്റേയും നാള്വിമിന്റേയും മുഹ്തമിമിന്റേയും സ്വദ്റിന്റേയും ദൗത്യമാണിത്. ഏതു കാര്യമാണോ പറയുന്നത്, നിങ്ങള് പ്രസംഗങ്ങളിലൂടെ കേൾക്കുന്നത് അഥവാ ഖുത്വ്ബകളിലൂടെ കേൾക്കുന്നത് അതനുസരിച്ച് പ്രവർത്തിക്കുക, പ്രവർത്തിപ്പിക്കുക. സ്വന്തം മാതൃകകൾ സമർപ്പിക്കുകയാണെങ്കിൽ ഇതരരും അതനുസരിച്ച് പ്രവർത്തിക്കുന്നതാണ്.

ഞാൻ ഖിലാഫത്ത് പദവിയിലെത്തിയ ആരംഭസമയത്ത് മുബശ്ശിർ അയാസ് സാഹിബ് എനിക്ക് എഴുതിയത് ഓർമയുണ്ട്.ഖലീഫമാരുടെ ഖുത്വ്ബകളുടേയും പ്രഭാഷണങ്ങളുടേയും സമാഹാരം പ്രസിദ്ധീകരിക്കണമെന്ന് എനിക്കെഴുതി. ഇത് അവരുടെ ജീവിതത്തിൽത്തന്നെ വേണ്ടതാണ്. ഖിലാഫത്തെ ഖാമിസയുടെ കാലഘട്ടത്തിലെ എന്റെ ഖുത്വ്ബകൾ അതാതു വർഷം തന്നെ പ്രസിദ്ധീകരിക്കണമെന്ന തന്റെ ആഗ്രഹം അദ്ദേഹം പ്രകടിപ്പിക്കുക ഉണ്ടായി. ഞാൻ അനുവാദം നല്കി. ഇതുതന്നെയാണ് ശരിയായ കാര്യവും. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫമാർ ഭാവിയിലും ഇൻശാ അല്ലാഹ് വന്നു കൊണ്ടിരിക്കും, ഓരോരുത്തർക്കും ഓരോ കാലഘട്ടം വെച്ചിട്ടുണ്ട്, ഓരോ കാലത്തിനും അനുസരിച്ച് അവൻ സ്വയം തന്നെ മാർഗ്ഗദർശനം നല്കി വരുന്നു. വർത്തമാന കാലത്തിന്റെ തേട്ടങ്ങൾക്കനുസരിച്ച് കാലത്തിന്റെ ഖലീഫ മാർഗദർശനം നല്കുന്നു. അതുകൊണ്ട് അക്കാലഘട്ടം അവസാനിക്കുകയും പുതിയ ഖലീഫ തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുമ്പോൾ പുതിയ ഖലീഫക്ക് ഈ സ്ഥാനം നല്കപ്പെട്ടു കഴിഞ്ഞാൽ അദ്ദേഹത്തിന് അതനുസരിച്ച് തന്നെ നടക്കേണ്ടിവരും. അദ്ദേഹം മാർഗദർശനം ചെയ്യുന്നതുപോലെ നടക്കേണ്ടതുണ്ട്. പഴയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ടല്ല. ചില ചരിത്രപരമായ കാര്യങ്ങൾ അതിലുണ്ടാകും എന്നത് ശരിയാണ്. ചില വിജ്ഞാനപരമായ കാര്യങ്ങളും ലഭിക്കും. അത് പ്രസിദ്ധീകരിക്കുകയും വേണം. എന്നാൽ, പ്രവർത്തിക്കുന്നത് കാലത്തിന്റെ ഖലീഫയുടെ വാക്കുകളിലൂടെ ശ്രവിക്കുന്നത് അനുസരിച്ചാകണമെന്നത് അനിവാര്യമാണ്. അതനുസരിച്ചുതന്നെ പ്രവർത്തിക്കുക. ഉദ്ദേശ്യം അതായിരുന്നു ഇതായിരുന്നു എന്ന് വ്യാഖ്യാനിച്ചു കൊണ്ടല്ല. ചില വ്യക്തികൾ പരസ്പരം സംസാരിക്കുമ്പോൾ ഭാരവാഹികളുടെ ഭാഗത്തുനിന്നും കാലത്തിന്റെ ഖലീഫയുടെ വാക്കുകളുടെ ഉദ്ദേശ്യം ഇന്നതായിരുന്നു എന്ന് വ്യാഖ്യാനിക്കാറുണ്ട്. ഉദ്ദേശ്യം മറ്റൊന്നാണെങ്കിൽ വിശദീകരണം ആവശ്യമാണെങ്കിൽ അതിനും കാലത്തിന്റെ ഖലീഫ ഉണ്ട്. അദ്ദേഹത്തോടു ചോദിക്കുക. മുമ്പേയുള്ള ഖലീഫമാരുടെ കാര്യങ്ങളാണെങ്കിൽ അവരുടെ ഉദ്ദേശ്യവും എന്താണെന്ന് വിധി പറയേണ്ടത് കാലത്തിന്റെ ഖലീഫയുടെ പണിയാണ്. ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ലഖിത ശകലങ്ങളും വാക്കുകളും ആയാലും ശരി അതിന്റെ വിശദാംശങ്ങളെ കുറിച്ച് വിധി പറയേണ്ടത് കാലത്തിന്റെ ഖലീഫയാണ്. അതുകൊണ്ട് ഖുദ്ദാമുൽ അഹ്മദിയ്യാ എപ്പോഴും ഇക്കാര്യം ഓർക്കേണ്ടതാണ്. ഓരോ ഭാരവാഹികളും എന്നും ഓർമ്മ വെക്കേണ്ടതാണ്. നിങ്ങൾ കാലത്തിന്റെ ഖലീഫയെയാണ് നോക്കേണ്ടതാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിക്കുക. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. പഴയ ഉദ്ദേശ്യങ്ങളോ പഴയ വർത്തമാനങ്ങളോ അരിച്ചുപെറുക്കേണ്ടതായ ആവശ്യമില്ല.

അല്ലാഹു ഉത്തമമെന്ന് കരുതുന്നതുവരെ ഒരു ഖലീഫക്ക് ജീവിതം നല്കുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തികൾ മുമ്പോട്ടു കൊണ്ടു പോകുന്നു. അവൻ ഉത്തമമെന്ന് കരുതുമ്പോൾ ഒരു കാലഘട്ടത്തിന് വിരാമമിടുന്നു. മറ്റൊരു കാലഘട്ടത്തിന് തുടക്കം കുറിക്കുന്നു. അതുകൊണ്ട് യാഥാർഥ്യം മനസ്സിലാക്കാൻ ഓരോ ഭാരവാഹിയും ശ്രമിക്കേണ്ടതാണ്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സവിശേഷ ദൗത്യം ഇതാണ്. ഖിലാഫത്ത് വ്യവസ്ഥിതിയെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ചുമലിലായിരിക്കുനമ്പോൾ സ്വന്തം യുവാക്കളിലും കുട്ടികളിലും കാലത്തിന്റെ ഖലീഫയുടെ വാക്ക് കേൾക്കാനും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള ആത്മാവ് സൃഷ്ടിക്കേണ്ടതാണ്. ഇതുതന്നെയാണ് യഥാർഥത്തിൽ ഒരാളെ ഖിലാഫത്തിനെ സംരക്ഷിക്കാന് പ്രാപ്തനാക്കുന്നത്. ഇതല്ലാതെയുള്ള കാര്യങ്ങളെല്ലാം കേവലം വർത്തമാനങ്ങൾ മാത്രമാണ്. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും അതിനുള്ള അവസരം നല്കുമാറാകട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. നിങ്ങൾ യഥാർഥ രീതിയിൽ ഖിലാഫത്തിനെ സംരക്ഷിക്കുന്നവരായി മാറട്ടെ. നിങ്ങളെ കാലത്തിന്റെ ഖലീഫയുടെ യഥാർഥ സഹായികളാക്കട്ടെ. സുൽത്വാനെ നസ്വീറാക്കട്ടെ. അഹ്മദിയ്യാ ഖിലാഫത്ത് എന്ന സ്ഥാനത്തെ അതിന്റെ യഥാർഥ നിറത്തിൽ കാക്കുന്നവരാകട്ടെ. അത് ഇതു തന്നെയാണ്. കാലത്തിന്റെ ഖലീഫയുടെ വാക്കുകൾ അനുസരിച്ച് പ്രവർത്തിക്കുക. പ്രവർത്തിക്കാൻ ശ്രമിക്കുക. അതിനെ വ്യാപിപ്പിക്കുക. അല്ലാഹു നിങ്ങളെ അതിന്നു തുണയ്ക്കമാറാകട്ടെ.

പ്രഭാഷണത്തിനുശേഷം ഹുദൂർ ദുആക്ക് നേതൃത്വം നല്കി. ശേഷം പങ്കെടുത്തവർ ഹുദൂറിനൊപ്പം ഭക്ഷണം കഴിച്ചു.

**ആമീൻ പരിപാടി.**

8.10-ന് ഹുദൂർ മസ്ജിദ് ബയ്ത്തുൽ ബസ്വീറിലെത്തുകയും ആമീൻ പരിപാടിക്ക് തുടക്കമിടുകയും ചെയ്തു. ഹുദൂർ താഴെ പറയുന്ന ആണും പെണ്ണുമടങ്ങുന്ന 29 കുട്ടികളിൽ നിന്നു വിശുദ്ധ ഖുർആനിലെ ഓരോ ആയത്ത് കേട്ടു. ഒടുവിൽ ദുആ ചെയ്യിച്ചു. അസീസ് തൻസീൽ അഹ്മദ് മലിക്, തൗഹീദ് നൂറുദ്ദീൻ, ഥാഖിബ് അഹ്മദ് ജാവേദ്, അദീല് അഹ്മദ്, ബാസിൽ ഫാത്തിഹ് അഹ്മദ്, അത്വാഉൽ ഖബീർ അഹ്മദ്, ഥമർ അഹ്മദ്, മലിക് ആഹിൽ അഹ്മദ്, ഹസ്സാൻ അഹ്മദ് ഖമർ, മലിക് ഹസീബ് ഖോഖർ, ഫഖർ സറൂശ് അഹ്മദ്, മിർസാ മുനീബ് അഹ്മദ്, മുവഹ്ഹിദ് അഹ്മദ്, അബ്ദുൽ ഗഫൂർ അലീം റാനാ, അർമാൻ നസ്വീറുദ്ദീൻ, സദീദ് അഹ്മദ്, അദീൽ ഇഹ്സാൻ ഘോഷർ.

അസീസ അറൂശ് നാദിയ റാനാ, ഈമാൻ അഖ്തർ, നൂറം ജബ്ബാർ, സായിറാ മലിക്, സൽമാ അഹ്മദ്, അറൂസാ ഖമർ, മാഹീൻ അർശദ്, സത്വ്വത്ത് അഹ്മദ്, മുഹവ്വിശ് അർശദ്, ഹിറാ ചൗദ്ദരി, ദിയാ ഘോഷർ, അബീറ കമാൽ.

ആമീൻ പരിപാടിക്കുശേഷം ഹുദൂർ മഗ്രിബ്, ഇശാ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു. *(അവലംബം:ബദ്ർ ഉർദു 2, 9-ഏപ്രിൽ-2020)*

### വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ

# സാരോപദേശങ്ങൾ

“സർവ്വശക്തനായൊരു ദൈവമുണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്ര മാത്രം ഭാഗ്യദോഷിയാണ്. നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിങ്കലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താണവൻ. ജീവനും സർവ്വസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നു വന്നാലും വിലകൊടുത്തു വാങ്ങേണ്ട രത്നമാകുന്നു അവൻ. അല്ലയോ ഹദഭാഗ്യരേ! ഇതാ ഈ നിർഝരിയിലേക്ക് ഓടിയടുക്കുവിൻ. അത് നിങ്ങളെ സംതൃപ്തിയുള്ളതാക്കിത്തീർക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവിതസ്രോതസ്സാണത്. ഞാൻ എന്തു ചെയ്യുവാനാണ്. ഈ സന്തോഷവാർത്ത ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാനെന്താണ് ചെയ്യേണ്ടത്. ഇതാ! നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ട കൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്? ലോകർ കേൾക്കുമാറാകാൻ. ലോകരുടെ കാത് തുറപ്പിക്കുവാൻ ഏത് ഔഷധം കൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്?

നിങ്ങൾ ദൈവത്തിന്റേതായിത്തീരുമെങ്കിൽ ദൈവം നിങ്ങളുടേതായിത്തീരുന്നതാണ്. നിങ്ങൾ ഉറങ്ങുമ്പോൾ അവൻ നിങ്ങൾക്കുവേണ്ടി ഉണർന്നിരിക്കുമെന്നു തീർച്ചയായും മനസ്സിലാക്കുക. നിങ്ങൾ ശത്രുവിനെക്കുറിച്ച് അശ്രദ്ധരായിരിക്കുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തുകൊള്ളും. നിങ്ങളുടെ ദൈവത്തിൽ എന്തെല്ലാം അത്ഭുതങ്ങളാണുള്ളതെന്ന് നിങ്ങൾ അറിയുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഈ ദുൻയാവിനെച്ചൊല്ലി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ദിനങ്ങൾ നിങ്ങൾക്കുണ്ടാവില്ല. തന്റെ പക്കൽ ഒരു വൻനിധി ഉണ്ടായിരിക്കെ ചില്ലിക്കാശ് നഷ്ടപ്പെട്ടതിനെച്ചൊല്ലി ആരെങ്കിലും കരയുകയും അലമുറകൂട്ടുകയും നശിക്കാനൊരുങ്ങുകയും ചെയ്യുമോ? നിങ്ങൾക്ക് ഈ നിധിയെക്കുറിച്ചറിയാമെങ്കിൽ, നിങ്ങളുടെ ഓരോ ആവശ്യത്തിന്റേയും അവസരത്തിൽ സഹായത്തിനായി ദൈവം ഉണ്ടെന്നറിഞ്ഞെങ്കിൽ, നിങ്ങൾ ദുൻയാവിനുവേണ്ടി അവനെ മറക്കുന്നതെങ്ങനെ? അല്ലാഹു ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവെയ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നു. അവനെക്കൂടാതെ നിങ്ങളൊന്നുമല്ല. നിങ്ങളുടെ ഉപകരണങ്ങളും ഉപായങ്ങളും ഒരു വസ്തുവുമല്ല.” *(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 21-22)*

“അല്ലയോ കേൾവിക്കാരേ, കേട്ടുകൊള്ളുക! അല്ലാഹു നിങ്ങളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്? നിങ്ങൾ അവന്റേതായി മാറണം എന്നുതന്നെ. അവനോടൊപ്പം നിങ്ങൾ ആരേയും കൂട്ടുചേർക്കരുത്. ആകാശത്തിലെന്നല്ല, ഭൂമിയിലും. നമ്മുടെ അല്ലാഹു മുമ്പെന്നെത്തേയുംപോലെ ഇപ്പോഴും ജീവിച്ചിരിക്കുന്ന അല്ലാഹു ആകുന്നു. അവൻ പണ്ടെല്ലാം സംസാരിച്ചിരുന്നതുപോലെ ഇന്നും സംസാരിക്കുന്നവനാകുന്നു. പണ്ടെല്ലാം കേട്ടുകൊണ്ടിരുന്നതുപോലെ ഇപ്പോഴും കേൾക്കുന്നവനാകുന്നു. അവൻ കേൾക്കുന്നവനാണെങ്കിലും ഇപ്പോൾ സംസാരിക്കുന്നില്ല എന്നത് ഒരു വ്യർഥ വിചാരം മാത്രമാകുന്നു. അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു. അവന്റെ എല്ലാ ഗുണവിശേഷങ്ങളും നിത്യങ്ങളും ശാശ്വതങ്ങളുമാകുന്നു. ഒരു ഗുണവും നിഷ്ക്രിയമായിരിക്കുന്നില്ല. ഒരിക്കലും നിഷ്ക്രിയമാകുന്നതുമല്ല. അവൻ തന്നെയാണ് ഏകനും പങ്കാളികളില്ലാത്തവനും. അവന് ഒരു പുത്രനുമില്ല;കളത്രവുമില്ല. അവൻ അതുല്യനാണ്. അവന് സമാനനായി ആരുമില്ല. അവനെപ്പോലെ മറ്റൊരുത്തനും ഏതെങ്കിലും സ്വഭാവഗുണത്തിൽ പ്രത്യേകപ്പെടുത്തപ്പെട്ടിട്ടില്ല. അവനോടു കിടപിടിക്കാൻ ആരുംതന്നെയില്ല. അവന് അനുഗുണനായും ആരുമില്ല. അവന്റെ ശക്തിക്ക് കുറവു പറ്റുകയില്ല. അവൻ അകലത്താണെങ്കിലും അടുത്തുള്ളവനാകുന്നു. അടുത്താണെങ്കിലും അകലത്തുള്ളവനാകുന്നു. അവൻ കശ്ഫിന്റെ അഹ്ലുകാർക്ക് സ്വയം സദൃശാത്മകരൂപത്തിൽ വെളിപ്പെടുന്നുവെങ്കിലും അവന് ഒരു ശരീരമില്ല;രൂപവുമില്ല. അവൻ സകലതിന്റേയും മീതെയാകുന്നു. എന്നാൽ, അവനു കീഴെ മറ്റാരെങ്കിലും ഉണ്ടെന്ന് പറഞ്ഞുകൂടാ. അവൻ അർശിലാണെങ്കിലും ഭൂമിയിലില്ലെന്ന് പറയാവതല്ല. അവൻ എല്ലാ പരിപൂർണ ഗുണങ്ങളുടേയും സമവായമാകുന്നു. എല്ലാ യഥാർഥ സ്തുത്യതയുടേയും പ്രതീകമാകുന്നു. എല്ലാ നന്മകളുടേയും ഉറവിടമാകുന്നു. എല്ലാ അനുഗ്രഹങ്ങളുടേയും നിർഗമസ്ഥാനമാകുന്നു. എല്ലാ ഓരോ വസ്തുവിന്റേയും ഒടുക്കവും മടക്കവും അവനിലേക്കാകുന്നു. അവൻ എല്ലാ ഓരോ രാജ്യത്തിന്റേയും ഉടമസ്ഥനാകുന്നു. എല്ലാ കഴിവുകളാലും വർണിക്കപ്പെട്ടവനാകുന്നു. എല്ലാ കുറവുകൾക്കും എല്ലാ ബലഹീനതകൾക്കും അതീതനാകുന്നു. ഭൂമിയിലുള്ളവരും ആകാശത്തുള്ളവരും അവനെ ആരാധിക്കണമെന്ന കാര്യത്തിൽ അവൻ പ്രത്യേകമാക്കപ്പെട്ടിരക്കുന്നു.അസംഭാവ്യമായി ഒരു കാര്യവും അവന്റെ മുന്നിലില്ല. സകല ആത്മാക്കളും അവയുടെ ശക്തികളും സകല അണുക്കളും അവയുടെ ശക്തികളും അവന്റെ മാത്രം സൃഷ്ടികളാകുന്നു. അവനെ കൂടാതെ ഒരു വസ്തുവും വെളിപ്പെടുന്നില്ല. അവന്റെ ശക്തികളും കഴിവുകളും ദൃഷ്ടാന്തങ്ങൾ മുഖേനയാണ് അവനെ സ്വയം വെളിപ്പെടുത്തുന്നത്. അവൻ മുഖേന മാത്രമെ നമുക്ക് അവനെ പ്രാപിക്കാൻ ആകുകയുള്ളു. സാത്വികരായ ആളുകൾക്ക് അവൻ അവന്റെ ഉണ്മയെ എപ്പോഴും വെളിപ്പെടുത്തിക്കൊടുക്കുകയും അവന്റെ അത്ഭുത ശക്തികളെ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. അവൻ മുഖേന തന്നെയാണ് അവനെ തിരിച്ചറിയാൻ കഴിയുമാറാകുന്നത്. അവൻ മുഖേന തന്നെയാണ് അവന് ഇഷ്ടപ്പെട്ട മാർഗവും തിരിച്ചറിയപ്പെടുന്നത്. ശാരീരികമായ കണ്ണുകൾ കൂടാതെ അവൻ കാണുന്നു. ശാരീരികമായ കാതുകൾ കൂടാതെ അവൻ കേൾക്കുന്നു. ശാരീരികമായ നാവു കൂടാതെ അവൻ സംസാരിക്കുകയും ചെയ്യുന്നു. ഇപ്രകാരംതന്നെ ഇല്ലാത്ത അവസ്ഥയിൽനിന്നുണ്ടാക്കുക അവന്റെ പ്രവൃത്തിയാകുന്നു. സ്വപ്ന ദൃശ്യത്തിൽ ഒരു പദാർഥവും കൂടാതെ ഒരു ലോകത്തെത്തന്നെ അവൻ സൃഷ്ടിക്കുന്നത് നിങ്ങൾ കാണുന്നതുപോലെ ഓരോ നശ്വരത്തേയും അസ്തിത്വം നശിച്ചതിനേയും നിവവിലുള്ളതാക്കി കാണിക്കുന്നു. ഇപ്രകാരംതന്നെയാണ് അവന്റെ എല്ലാ കഴിവുകളും. അവന്റെ കഴിവുകളെ നിഷേധിക്കുന്നവൻ ബുദ്ധികെട്ടവനാകുന്നു. അവന്റെ അഗാധമായ ശക്തികളെ കുറിച്ചറിയാത്തവൻ അന്ധനാകുന്നു. അവൻ എല്ലാം ചെയ്യുന്നു. അവന്റെ മഹത്ത്വത്തിന്നെതിരായതോ അവന്റെ വാഗ്ദാനങ്ങൾക്ക് വിരുദ്ധമായതോ ആയ കാര്യങ്ങളൊഴിച്ച് എല്ലാം ചെയ്യാൻ കഴിയുന്നവനുമാകുന്നു. അവന്റെ സത്തയിലും ഗുണങ്ങളിലും പ്രവൃത്തികളിലും ശക്തി പ്രഭാവങ്ങളിലും അവൻ ഏകനാകുന്നു.അവന്റെ സന്നിധിയിൽ എത്തിച്ചേരുന്നതിന് വിശുദ്ധ ഖുർആൻ തുറന്നിട്ട വാതിലൊഴികെ മറ്റെല്ലാ വാതിലുകളും അടഞ്ഞുപോയിരിക്കുന്നു. കഴിഞ്ഞുപോയ എല്ലാ നുബുവ്വത്തുകളേയും എല്ലാ കിതാബുകളേയും വെവ്വേറെ പിന്തുടരേണ്ട ആവശ്യം അവശേഷിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ മുഹമ്മദീ നുബുവ്വത്ത് അവയെ എല്ലാം ഉൾക്കൊള്ളുന്നതും അവയെ എല്ലാം സമാവരണം ചെയ്യുന്നതുമാകുന്നു. അതൊഴിച്ചുള്ള മറ്റെല്ലാ വഴികളും കൊട്ടിയടക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനോളം എത്തിക്കുന്ന എല്ലാ സത്യതത്ത്വങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. അതിനുശേഷം പുതിയൊരു സത്യതത്ത്വം വരികയില്ല. അതിൽ അടങ്ങിയിട്ടില്ലാത്ത ഒരു സത്യതത്ത്വവും ഉണ്ടായിരുന്നിട്ടുമില്ല. അതുകൊണ്ട് ആ നുബുവ്വത്തിനുമേൽ സകല നുബുവ്വത്തുകളും അവസാനിച്ചിരിക്കുന്നു. അങ്ങനെ അവസാനിക്കേണ്ടതുമായിരുന്നു.” *(അൽവസിയ്യത്ത് , റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 309)*

## ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്

**വാഗ്ദത്ത മഹ്ദീ മസീഹ്(അ)**

"നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ് ***ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്*** (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്(സ) അവന്റെ ദൂതനാകുന്നു) എന്നത്രെ. ഇവിടെ ഈ ലോകത്ത് നാം പുലർത്തിവരുന്നതും മറുലോകത്തേക്കു നാം കടക്കുന്ന സമയംവരെ ദൈവാനുഗ്രഹത്താലും അവന്റെ സഹായത്താലും നമ്മോടു ഒട്ടിനില്ക്കുന്നതുമായ വിശ്വാസം ഇതാണ്. നമ്മുടെ ആത്മീയ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനി 'ഖാത്തമുന്നബിയ്യീ' നും 'ഖയ്റുൽമുർസലീ' നും ആകുന്നു. അവിടത്തെ കൈയാൽ മതത്തിനു പൂർണിമയും അനുഗ്രഹപദവിയുടെ പരിപൂർത്തിയും വന്നു കഴിഞ്ഞു. അതു മുഖേന മനുഷ്യന് സത്യപാത കൈവരിച്ചുകൊണ്ട് അല്ലാഹുവിന്റെ അടുക്കലോളം എത്താനാവും. നാം സുദൃഢം വിശ്വസിക്കുന്നു വിശുദ്ധ ഖുർആൻ ഗ്രന്ഥങ്ങളുടെ മുദ്ര അതായത് എല്ലാ ദിവ്യഗ്രന്ഥങ്ങളിലുംവച്ച് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ള ഗ്രന്ഥമാണ്. അതിന്റെ നിശ്ചിത 'ശറഅ്' കളിൽ നിന്നും (നിയമങ്ങളിൽനിന്നും) അതിരുകളിൽനിന്നും കല്പനകളിൽനിന്നും വള്ളിപുള്ളി നീക്കുവാനോ അവയിൽ കൂട്ടിച്ചേർക്കുവാനോ പാടുള്ളതല്ല. വിശുദ്ധ ഖുർആനിലെ കല്പനകളെ റദ്ദാക്കുകയോ മാറ്റുകയോ ദുർബലപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്ന ഒരു വെളിപാടും ദൈവവചനവും ഉണ്ടായിരിക്കുന്നതല്ല. അത്തരം വിശ്വാസം ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അയാൾ എന്റെ അഭിപ്രായത്തിൽ സത്യവിശ്വാസികളുടെ കൂട്ടത്തിൽ പെട്ടവനല്ല. അതുമുഖേന അയാൾ ഒരു അവിശ്വാസിയായിത്തീരുകയും ചെയ്യുന്നു." *(റൂഹാനീ ഖസായിൻ, വാള്യം 3, പേജ് 169, 170, ഇസാലയെ ഔഹാം പേജ് 137,138 ഒന്നാം പതിപ്പ്)*

## നബി(സ)തിരുമേനിയുടെ

**മൃഗങ്ങളോടു ദയ**

**○ മൃഗങ്ങളെ ചീത്തവിളിക്കരുത്.**

**○ തീകൊണ്ടു പൊള്ളിച്ച് മൃഗങ്ങൾക്ക് അടയാളമിടരുത്.**

**○ മൃഗങ്ങളുടെ മുഖത്തടിക്കരുത്.**

**○ ഒരു മൃഗത്തിനുമീതെ രണ്ടിലേറെയാളുകൾ യാത്ര ചെയ്യരുത്.**

**○ പക്ഷിക്കുഞ്ഞുങ്ങളെ അവയുടെ കൂട്ടിൽനിന്ന് വേർപെടുത്തരുത്.**

**○ ഉറുമ്പുകളെന്നല്ല ഒരു ജീവിയേയും തീകൊണ്ട് കൊല്ലരുത്.**

**○ ആടുകളെ ചെവിയിൽപിടിച്ച് വലിച്ചുകൊണ്ടുപോകരുത്.**

**○ മദീനയിൽ ഒരു അൻസ്വാരിയുടെ തോട്ടത്തിൽ നബി(സ) ചെന്നപ്പോൾ അവിടെ ഉണ്ടായിരുന്ന ഒരു ഒട്ടകം നബിയോടു പരാതിപ്പെട്ടു. മൃഗങ്ങളോടു ദാക്ഷിണ്യം കാണിച്ചില്ലെങ്കിൽ നാളെ ദൈവസവിധത്തിൽ മറുപടി നല്കേണ്ടിവരുമെന്ന് നബി(സ) അയാളെ ശക്തമായി താക്കീതു ചെയ്തു.**

**The Weekly BADR Qadian (Malayalam)**




പേജ് 5 ൽ നിന്ന്

*ശിർക്കത്ത് പ്രിന്റിംഗ് പ്രസ്സ് ലാഹോർ)*

അസ്മാഅ് ബിൻത് നുഅ്മാൻ ബിൻ ജൗൻ എന്ന പെൺകുട്ടിയുടെ ചെറുവിവരണം ഇങ്ങനെയാണ്. ഹദ്റത്ത് ഇക്‌രിമ വിവാഹം ചെയ്ത സ്ത്രീയെ കുറിച്ച് ബുഖാരിയിലും മറ്റു ഹദീഥു ഗ്രന്ഥങ്ങളിലും നിവേദനമുണ്ട്. ആ സ്ത്രീയെ നബി(സ)തിരുമേനി നിക്കാഹ് കഴിച്ചിരുന്നു. നബി(സ) തിരുമേനി ആ സ്ത്രീയെ കൂട്ടിക്കൊണ്ടു പോകുന്നതിനു മുമ്പേതന്നെ അവരെ അവരുടെ ഗോത്രത്തിലേക്ക് തിരിച്ചയക്കേണ്ടിവന്ന ഒരു പ്രവൃത്തി അവരിൽ നിന്നുമുണ്ടായി. അവരുടെ പേരുൾപ്പെടെ നിരവധി സംഭവങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. അവരുടെ വിവാഹം ഹദ്റത്ത് മുഹാജിർ ബിൻ അബി ഉമയ്യയുമായാണ് നടന്നതെന്നും ചിലർ വിവരിച്ചിട്ടുണ്ട്. ഈ സംഭവങ്ങളെ വിശദീകരിച്ചുകൊണ്ട് ഹദ്

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

**നിങ്ങളുടെ സൃഷ്ടികൾ**
**ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

## വാർഷിക ഇജ്തിമാകൾ 2022

സയ്യിദുനാ അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് ഉപസംഘടനകളായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, മജ്‌ലിസ് അൻസ്വാറുല്ലാഹ്, ലജ്ന ഇമാഇല്ലായുടെ വാർഷിക ഇജ്തിമാകൾ 2022 ഒക്ടോബർ 21, 22, 23 തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. എല്ലാവരും ദുആയോടുകൂടി ഈ ഇജ്തിമാകളിൽ പങ്കെടുക്കാൻ എല്ലാ വിധത്തിലും ശ്രമിക്കുക.

***(സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത്)***

## ത്വാലിബെ ദുആ



**SABIR BURQA HOUSE**

ALL TYPES OF READYMADE BURQA

**ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.**

**CIVIL LINES ROAD, OPP.FOUR STORY QADIAN**
CONTACT NO: 98884 45694 (SABIR AHMAD)

## • കലാമുൽ ഇമാം •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അറേബ്യ കീഴടക്കി ഇസ്‌ലാം പ്രചരിക്കാൻ തുടങ്ങിയപ്പോൾ അസ്മാ അല്ലെങ്കിൽ ഉമയ്മ എന്ന് പേരുള്ള കിൻദഹ് ഗോത്രത്തിൽ പെട്ട ഒരു സ്ത്രീ, അവൾ ജൗനിയ എന്നും ബിൻതുൽ ജൗൻ എന്നും അറിയപ്പെട്ടിരുന്നു, അവരുടെ സഹോദരൻ ലുഖ്മാൻ തന്റെ ജനതയുടെ പ്രതിനിധിയായി നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി ഈ അവസരത്തിൽ തന്റെ സഹോദരിയെ നബി(സ)തിരുമേനിയുമായി വിവാഹം നടത്താൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. അദ്ദേഹം തന്റെ സഹോദരിയെ കുറിച്ച് നബി(സ)തിരുമേനിയുടെ അടുക്കൽ തന്റെ സഹോദരി മുമ്പേ ഒരു ബന്ധുവിനെ വിവാഹം കഴിച്ചതാണെന്നും ഇപ്പോൾ വിധവയാണെന്നും വളരെ സുന്ദരിയും യോഗ്യയുമാണെന്നും അങ്ങ് അവളെ വിവാഹം കഴിക്കണമെന്നും അപേക്ഷിച്ചു. നബി(സ)തിരുമേനി അറബ് ഗോത്രങ്ങളുടെ ഐക്യം ആഗ്രഹിച്ചിരുന്നതിനാൽ ആ ക്ഷണം സ്വീകരിച്ചുകൊണ്ട് പന്ത്രണ്ടര ഔഖിയ വെള്ളി മഹ്ർ നിശ്ചയിച്ചുകൊണ്ട് നിക്കാഹ് നടത്താമെന്ന് അറിയിച്ചു. അദ്ദേഹം പറഞ്ഞു, യാ റസൂലുല്ലാഹ്(സ) ഞങ്ങൾ ആദരണീയ വ്യക്തികളാണ്. മഹ്ർ വളരെ കുറഞ്ഞു പോയി.

അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ ഭാര്യമാരിൽ ഒരാൾക്കും ഞാൻ ഇതിൽ കൂടുതൽ മഹ്ർ നിശ്ചയിച്ചിട്ടില്ല.' അദ്ദേഹം അത് സമ്മതിച്ചപ്പോൾ, നിക്കാഹ് ചൊല്ലി. അദ്ദേഹം നബി(സ)തിരുമേനി യോട് തന്റെ ഭാര്യയെ കൊണ്ടുവരാൻ ഒരാളെ അയക്കാൻ ആവശ്യപ്പെട്ടു. നബി(സ)തിരുമേനി, അബൂഉസയ്ദിനെ ഈ ചുമതല ഏൽപ്പിച്ചു. അദ്ദേഹം അവിടെ പോയി, ജൗനിയ അദ്ദേഹത്തെ വീട്ടിലേക്ക് ക്ഷണിച്ചപ്പോൾ ഹദ്റത്ത് അബൂ ഉസയ്ദ് പറഞ്ഞു, നബി(സ)തിരുമേനിയുടെ പത്നിമാരിൽ ഹിജാബ്(ന്റെ കല്പന) ഇറങ്ങിയിരിക്കുന്നു. അവർ മറ്റു നിർദേശങ്ങളെ കുറിച്ചും തിരക്കി. അവർക്ക് അവയും പറഞ്ഞുകൊടുത്തു. എന്നിട്ട് ഒട്ടകത്തിൽ ഇരുത്തി മദീനയിൽ കൊണ്ടുവന്നു ഈന്തപനയാൽ ചുറ്റപ്പെട്ട ഭവനത്തിനുമുമ്പിൽ ഇറക്കി. അവരുടെ കൂടെ അവരുടെ ധാത്രിയുമുണ്ടായിരുന്നു. അവരേയും കുടുംബാംഗങ്ങൾ യത്രയാക്കി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു: നമ്മുടെ നാട്ടിലും സമ്പന്നരായിട്ടുള്ള ആളുകൾ തങ്ങളുടെ സഹായത്തിനും സുഖസൗകര്യങ്ങൾക്കുമായി സങ്കോചമില്ലാത്ത സേവകന്മാരെ വെക്കാറുണ്ട്. ഈ സ്ത്രീ പ്രസിദ്ധയും മനോഹരിയുമായിരുന്നു. പ്രത്യേകിച്ച് സ്ത്രീകൾക്ക് നവവധുവിനെ കണാനുള്ള ആഗ്രഹവുമുണ്ടാകാറുണ്ട്. അതിനാൽ മദീനയിലെ സ്ത്രീകൾ നവവധുവിനെ കണ്ടുന്നതിനു പോയി. ഈ സ്ത്രീയുടെ വിവരണത്തിന്റെ അടിസ്ഥാനത്തിൽ ഏതോ ഒരു സ്ത്രീ ആദ്യദിനംതന്നെ തങ്ങളുടെ ഉള്ളിൽ സ്വധീനശക്തി ഉണ്ടാക്കേണ്ടതാണെന്ന് അവർക്ക് പറഞ്ഞു കൊടുത്തു. നബി(സ)തിരുമേനി നിന്റെ അടുക്കൽ വരുന്ന അവസരത്തിൽ 'ഞാൻ അങ്ങയിൽനിന്ന് അല്ലാഹുവിനോട് അഭയം തേടുന്നുവെന്ന് പറയുന്ന പക്ഷം അദ്ദേഹം തന്നിൽ കൂടുതൽ ആസക്തനവുന്നതാണെന്ന് പറഞ്ഞു.' ഇക്കാര്യം ആ സ്ത്രീയുടെ സ്വന്തമായ തീരുമാനമായിരുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'ഏതോ കപടവിശ്വാസി തന്റെ ഭാര്യയുടേയോ കുടുംബാംഗങ്ങളുടെ സഹായത്താലോ ചെയ്ത ദുഷ്ടതയാണിത്. അതിനാൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. എന്തായിരുന്നാലും അവരുടെ ആഗമനത്തെ കുറിച്ച് അറിഞ്ഞ നബി(സ)തിരുമേനി അവർക്കയി നിശ്ചയിക്കപ്പെട്ട ഭവനത്തിലേക്ക് പോവുകയുണ്ടായി. ഹദീഥിൽ വന്നിരിക്കുന്നു അതിന്റെ പരിഭാഷ ഇപ്രകാരമാകുന്നു: നബി(സ)തിരുമേനി അവരുടെ അടുക്കൽ ചെന്നുകൊണ്ട് നിന്റെ ഹൃദയം എന്നിൽ അർപ്പിച്ചാലും എന്ന് പറയുകയുണ്ടായി. അതിന് മറുപടിയെന്നോണം അവർ പറഞ്ഞു: 'രജ്ഞി സ്വയമേവ സാധാരണക്കരുടെ കീഴിൽ തന്നെ ആക്കാറുണ്ടോ? നഊദു ബില്ലാഹ് അവർ തന്നെ വലിയ വലായി ചിത്രീകരിച്ചു. അബൂ ഉസയ്ദ് പറയുന്നു: നബി(സ)തിരുമേനി തന്നെ കുറിച്ച് അറിവില്ലാത്തതു കൊണ്ടാവാം പരിഭ്രമിക്കുന്നതെന്ന് കരുതി അവരെ സമാശ്വസിപ്പിക്കാനായി അവരുടെമേൽ കൈ വെച്ചു. എന്നാൽ, കൈ വെക്കുന്നതിനു മുമ്പേതന്നെ ഞാൻ അങ്ങയിൽ നിന്ന് അല്ലാഹുവിനോട് അഭയെതേടുന്നു എന്ന നീചവും ബുദ്ധിക്ക് നിരക്കാതതുമായ വാക്യം ഉരുവിട്ടു. അല്ലാഹു എന്ന് കേൾക്കുമ്പോൾത്തന്നെ നബി(സ)തിരുമേനിയുടെ മനസ്സ് നിറയുകയും അവന്റെ മഹത്വങ്ങളെ സ്മരിക്കുകയും ചെയ്യുന്നതുകൊണ്ടുതന്നെ ഉടനെ പറഞ്ഞു: അഭയദാതാവായ അല്ലാഹുവിൽനിന്നുമാണ് അഭയം തേടിയിരിക്കുന്നത്. അതിനാൽ ഞാൻ അത് സ്വീകരിക്കുന്നു. തുടർന്ന് നബി(സ)തിരുമേനി പുറത്ത് ഇറങ്ങിയതിനുശേഷം അബൂഉസയ്ദിനോട് അവർക്ക് രണ്ട് പുതപ്പുകൾ നൽകി അവരെ അവരുടെ വീട്ടിലെത്തിക്കാൻ പറഞ്ഞു. അങ്ങനെ മഹ്ർ കൂടാതെ രണ്ട് പുതപ്പും നൽകാനുള്ള കൽപ്പന ലഭിച്ചു.

വെള്ള നിറവും നീളവുമുള്ള നൂൽ കൊണ്ടുണ്ടാക്കിയ പുതപ്പായിരുന്നു അത്. അതുനൽകിക്കൊണ്ട് വിശുദ്ധ ഖുർആനിൽ സ്ത്രീകളെ സ്പർശിക്കുന്നതിനുമുമ്പേ ത്വലാഖ് നൽകുമ്പോഴുള്ള കൽപ്പന ***വലാതൻസവൂൽ ഫള്‌ല ബയ്നക്കും*** പൂർത്തിയാക്കുകയുണ്ടായി. നബി(സ)തിരുമേനി അവരെ യാത്രയാക്കുകയും അബൂഉസയ്ദു തന്നെ അവരെ അവരുടെ വീട്ടിലെത്തിക്കുകയും ചെയ്തു. ഇത് അവരുടെ ഗോത്രക്കാരിൽ വിഷമമുണ്ടാക്കുയും അവർ ആ സ്ത്രീയെ ശകാരിക്കുകയുമുണ്ടായി. ഇതെല്ലാം നിർഭാഗ്യം കൊണ്ടും തന്നെ കബളിപ്പിച്ചതും മൂലവുമാണ് നടന്നതെന്ന് അവർ പറയുകയുണ്ടായി, 'നബി(സ)തിരുമേനി അടുക്കൽ വരുമ്പോൾ അടുത്തുനിന്ന് മാറിപ്പോവുകയും നീരസം പ്രകടിപ്പിക്കുകയുമാണെങ്കിൽ തന്റെ അന്തസ്സ് വർധിക്കുന്നതാണെന്ന് തനിക്ക് പറഞ്ഞുതന്നു.' എന്തായിരുന്നാലും ഇക്കാരണം കൊണ്ടോ മറ്റേതെങ്കിലും കാരണത്താലാണോ എന്ന റിയില്ല വിദ്വേഷം പ്രകടമായി, അങ്ങനെ നബി(സ)തിരുമേനി അവരെ പറഞ്ഞയച്ചു. *(തഫ്സീറെ കബീർ വാല്യം 2, പേജ് 533 –535)*

ഇതിനു മുമ്പേയും ഒരു സ്വഹാബിയായിരുന്ന അബൂഉസയ്ദിന്റെ വിവരണത്തിലും ഇതു പറഞ്ഞുകഴിഞ്ഞതാണ്. എന്തായിരുന്നാലും ഹദ്റത്ത് ഇക്‌രിമ ഹളറമൗത്തിൽ നിന്നു യമനിന്റേയും മക്കയുടേയും വഴികളിലൂടെ യാത്ര തിരിച്ചു. മദീനയിലെത്തിയ സമയത്ത് ഹദ്റത്ത് അബൂബക്ർ(റ) ഖാലിദ് ബിൻ സയീദിന്റെ സഹായത്തിന് യാത്ര പുറപ്പെടാൻ പറഞ്ഞു. എന്നാൽ, മത പരിത്യാഗികളുമായുള്ള യുദ്ധത്തിൽ തന്റെകൂടെ പങ്കെടുത്ത സൈന്യത്തിന് അവധി നൽകിയിരുന്നു. അബൂബക്ർ(റ) അതിനു പകരമായി മറ്റൊരു സൈന്യത്തെ തയ്യാറാക്കി. തങ്ങൾ നല്ലവണ്ണം പോരാടിയതു കൊണ്ട് അവശരായിരിക്കും അതുകൊണ്ടാണ് അവധി നൽകിയിരിക്കുന്നത്. അബൂബക്ർ(റ) മറ്റൊരു സൈന്യത്തെ ഇക്‌രിമയുടെ കീഴിൽ അണിനിരന്നുകൊണ്ട് ശാമിലേക്ക് പുറപ്പെടാൻ കല്പിച്ചു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, സ്വലാബീ പേജ് 433, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ്)*

ഇക്‌രിമ അവിടെ നടത്തിയ പരിശ്രമങ്ങളും ഒടുവിൽ ശഹീദാവുകയും ചെയ്തതിനെ സംബന്ധിച്ചുള്ള വിവരണം ഇൻശാ അല്ലാഹ് പിന്നിട് വിവരിക്കുന്നതാണ്.

പിന്നീട് അഞ്ചാമത്തെ യുദ്ധനടപടി ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസ്നയും മത പരിത്യാഗികളും തമ്മിലുള്ളതാണ്. ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഇക്‌രിമയെ മുസയ്‌ലിമയുടെ അടുത്ത് യമാമയിലേക്ക് അയക്കുകയുണ്ടായി. അതിന് പിന്നാലെ ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസ്നയേയും യമാമയിലേക്ക് അയച്ചു. ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസ്നയുടെ ചെറിയ വിവരണം ഇപ്രകാരമാണ്:ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസ്നയുടെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ മുത്വാഅ് എന്നും മതാവിന്റെ പേര് ഹസ്ന എന്നുമായിരുന്നു. ചിലയാളുകൾ കിൻദി എന്നും തമീമി എന്നും വിളിക്കാറുണ്ട്. ചെറുപ്രായത്തിൽത്തന്നെ മാതാപിതാക്കൾ കാലഗതി പ്രാപിച്ചിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ഹസ്നയുടെ പേരിൽ നിന്നുമാണ് ശുറഹ്ബീൽ ബിൻ ഹസ്ന എന്ന് വിളിക്കാൻ തുടങ്ങിയത്. ആദ്യകാല ഇസ്‌ലാം സ്വീകരിച്ചവരിൽപെട്ട ആളായിരുന്നു. തന്റെ സഹോദങ്ങളുടെ കൂടെ ഹബ്ശയിലേക്ക് പാലായനം ചെയ്തു ഹബ്ശയിൽനിന്നു തിരിച്ച് മക്കയിൽ വന്നപ്പോൾ ബനൂസുറയ്ഖിന്റെ ഭവനത്തിലാണ് താമസിച്ചിരുന്നത്. ഇദ്ദേഹം ഖിലാഫത്തെ റാശിദയുടെ സമയത്ത് പ്രസിദ്ധരായ സേനാധിപന്മാരിൽ ഒരാളായിരുന്നു. ഹിജ്റ 18-ൽ 67-ാം വയസ്സിൽ പ്ലേഗ് പിടിപെട്ട് വഫാത്തായി. *(ഉസദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം 2, പേജ് 619–620, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് അബൂബക്ർ(റ) ഇക്‌രിമയോട് ഹദ്റത്ത് ശുറഹ്ബീലെത്തുന്നതിനു മുമ്പേ മുസയ്‌ലിമയെ ആക്രമിക്കരുതെന്ന കൽപ്പന നൽകിയിരുന്നു. എന്നാൽ, ഹദ്റത്ത് ശുറഹ്ബീൽ എത്തുന്നതിനുമുമ്പേ വിജയത്തിന്റെ ഹാരം തന്റെ കഴുത്തിൽ വീഴുമല്ലോ എന്ന് വിചാരിച്ച് ആക്രമിക്കു

കയുണ്ടായി. പക്ഷേ, മുസയ്‌ലിമ അദ്ദേഹത്തെ പിറകിലോട്ട് തള്ളിമാറ്റി. ഈ നിഷ്ഫലതയെ സംബന്ധിച്ച് മുമ്പേ സൂചിപ്പിച്ചപ്രകാരം ഇക്‌രിമ, അബൂബക്ർ(റ)നെ അറിയിക്കുകയുണ്ടായി. പരാജയം ഏറ്റുവാങ്ങി മദീനയിലേക്ക് വന്നാൽ ആളുകളിൽ നിരാശ ജനിപ്പിക്കുമെന്നതിനാൽ ഒമാനിലേക്ക് പോവാനുള്ള മുന്നറിയിപ്പ് കത്ത് മുഖേന ഹദ്‌റത്ത് അബൂബക്ർ(റ)അറിയിച്ചു. ഹദ്‌റത്ത് ശുറഹ്ബീൽ ബിൻ ഹസ്‌ന യാത്രാമധ്യേ ഹദ്‌റത്ത് ഇക്‌രിമയുടെ പരാജയത്തെ കുറിച്ചുള്ള വാർത്ത കേൾക്കാനിടയായി. അദ്ദേഹം ഉടനെ അവിടെ നിന്നുകൊണ്ട് അബൂബക്ർ(റ)ൽ നിന്ന് നിർദേശങ്ങൾ ആരാഞ്ഞു കൊണ്ടുള്ള സന്ദേശം അയച്ചു. താങ്കൾ എവിടെയാണോ ഉള്ളത് അവിടെതന്നെ നിൽക്കാൻ പറഞ്ഞുകൊണ്ടുള്ള മറുപടി ഹദ്‌റത്ത് ശുറഹ്ബീൽ ബിൻ ഹസ്‌നക്ക് ലഭിച്ചു. *(ഹദ്‌റത്ത് അബൂബക്‌റിന്റെ സർക്കാരി ഖുതൂത്, ഖുർശീദ് അഹ്മദ് ഫാരിഖ്, കിതാബു മയ്‌ല, ജാവേദ് ബട്ട് പ്രസ്സ്പേജ് 43)*

തന്റെ അടുത്ത നിർദേശം ലഭിക്കുന്നതുവരെ യമാമയുടെ അടുത്ത് നിലയുറപ്പിക്കാനും ഈ സമയത്ത് മുസയ്‌ലിമയുമായി ഏറ്റുമുട്ടുന്നത് ഉചിതമല്ലെന്നുമുള്ള നിർദേശം അബൂബക്‌റിൽ(റ)നിന്നു അദ്ദേഹത്തിന് ലഭിച്ചു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 291, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റുത്ത് 2012)*

പിന്നീട് യമാമ നടപടിക്കായി ഹദ്‌റത്ത് അബൂബക്ർ(റ) ഹദ്‌റത്ത് ഖാലിദ് ബിൻ വലീദിനെ നിയമിച്ചു. അപ്പോൾ ശുറഹ്ബീൽ ബിൻ ഹസ്‌നയോടു ഖാലിദ് ബിൻ വലീദ് താങ്കളുടെ അടുത്ത് വരികയും യമാമ യുദ്ധനടപടിയിൽനിന്ന് സന്തോഷപൂർവം വിരമിക്കുകയും ചെയ്താൽ ഖുളാഅ ഗോത്രത്തിലേക്ക് തിരിയുക. ഹദ്‌റത്ത് അംറ് ബിൻ ആസ്വുമായി ചേർന്ന് ഇസ്‌ലാം സ്വീകരിക്കാൻ തയ്യാറാകാത്ത ഖുളാഅ ഗോത്രത്തിലെ വിപ്ലവകാരികളുടെ വിവരങ്ങൾ ശേഖരിക്കുക. അവർ അതിനെ എതിർക്കാൻ തുനിഞ്ഞ് ഇറങ്ങിയിരിക്കുകയാണ്. നിഷേധം മാത്രമല്ല എതിർപ്പുമുണ്ട്. *(ഹദ്‌റത്ത് അബൂബക്‌റിന്റെ സർക്കാരി ഖുതൂത്, ഖുർശീദ് അഹ്മദ് ഫാരിഖ്, കിതാബു മയ്‌ല, ജാവേദ് ബട്ട് പ്രസ്സ്പേജ് 24)*

ഖുളാഅ ഗോത്രവും വളരെ പ്രസിദ്ധമായ ഗോത്രമായിരുന്നു. മദീനയിൽനിന്നു 10 ദിവസത്തെ യാത്രാ ദൂരത്തിനുശേഷം വാദിയുൽഖുറാ കഴിഞ്ഞ് മദാഇൻ സ്വാലിഹിന്റെ പടിഞ്ഞാറു ഭാഗത്താണ് അവർ വസിച്ചിരുന്നത്.*(ഫർഹങ്കെ സീറത്ത് പേജ് 237, സവാർ അക്കാഡമി കറാച്ചി)*

എന്തായാലും ഹദ്‌റത്ത് അബൂബക്ർ(റ)ന്റെ നിർദേശപ്രകാരം ശുറഹ്ബീൽ ബിൻ ഹസ്‌ന തന്റെ സൈനികരുമൊത്ത് അവിടെ നിൽക്കുന്ന അവസരത്തിൽ മുസയ്‌ലിമ തന്റെ സൈനവുമായി അവരെ ആക്രമിച്ചു.

ഇത് സംബന്ധിച്ച് ഗ്രന്ഥകർത്താവ് എഴുതുന്നു: ഹദ്‌റത്ത് ഖാലിദ് ബിൻ വലീദ് യമാമയിലേക്കുള്ള യത്രാമധ്യേത്തന്നെ മുസയ്‌ലിമയുടെ സൈന്യം ഹദ്‌റത്ത് ശുറഹ്ബീലിന്റെ സൈന്യത്തെ ആക്രമിച്ചു. ചില ചരിത്രകാരന്മാരുടെ അഭിപ്രയത്തിൽ ഇക്‌രിമ ചെയ്ത അതേ തെറ്റുതന്നെ ശുറഹ്ബീലും ആവർത്തിച്ചു. വിജയം സ്വന്തം പേരിൽ നേടിയെടുക്കനുള്ള ആവേശമാണ് പരാജയ കാരണം. എന്നാൽ, സംഭവം യഥാർഥത്തിൽ യമാമയുടെ സൈന്യം ഹദ്‌റത്ത് ശുറഹ്ബീലും ഹദ്‌റത്ത് ഖാലിദും ചേർന്ന് കൊണ്ട് തങ്ങൾക്ക് കോട്ടം സംഭവിക്കുമെന്ന് മനസ്സിലാക്കികൊണ്ട് അവരെ ആക്രമിക്കുകയായിരുന്നു. എന്നാൽ, മുസയ്‌ലിമയുടെ സൈന്യം അവരെ പരാജയപ്പെടുത്തുന്നതിൽ വിജയിച്ചു. ഇതിൽ ഏതെങ്കിലും ഒന്ന് സംഭവച്ചിരിക്കാം. എന്തായിരുന്നാലും ശുറഹ്ബീൽ തന്റെ സൈന്യവുമായി പിറകോട്ട് നീങ്ങി. ഹദ്‌റത്ത് ശുറഹ്ബീൽ, ഖാലിദ് ബിൻ വലീദിന്റെ അടുത്തെത്തി കാര്യങ്ങൾ അറിയിച്ചപ്പോൾ ഖാലിദ് ബിൻ വലീദ് അദ്ദേഹത്തെ ശകാരിച്ചു. എതിരാളികളെ നേരിടാനുള്ള കരുത്ത് ഇല്ലാത്തതുവരെ നേരിടരുതെ ന്ന കാഴ്ച്ചപ്പാടായിരുന്നു ഖാലിദ് ബിൻ വലീദിന്റേത്. ശരിയായ കരുത്തില്ലാതെ നേരിട്ടാൽ തീർച്ചയായും പരാജയം ഏറ്റുവാങ്ങേണ്ടതായി വരും. *(ഹദ്‌റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ മുത്തർറജ്ജിം പേജ് 190, ശിർക്കത്ത് പ്രിന്റിംഗ് പ്രസ്സ് ലാഹോർ)*

പിന്നീട് ഖാലിദ് ബിൻ വലീദിന്റെ കൂടെ ഹദ്‌റത്ത് ശുറഹ്ബീലും യുദ്ധത്തിന് അണിനിരന്നു. ഖാലിദ് ബിൻ വലീദ് സൈന്യത്തിന്റെ മറ്റൊരു ഭാഗത്തെ മേൽനോട്ട ചുമതല ശുറഹ്ബീലിനെ ഏൽപിച്ചു. മൈമനയേയും മൈസറയേയും ഇടതുഭാഗത്തും സയ്ദ് ബിൻ ഖത്ത്വാബ്, അബൂ ഹുദയ്ഫ ബിൻ ഉത്ബ ബിൻ റബീഅയെ വലതു ഭാഗത്തും നിയമിച്ചു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, സ്വലാബീ പേജ് 355, അൽ ഫുർഖാൻ മുളഫർഗഢ് പാക്കിസ്താൻ)*

യമാമ യുദ്ധനടപടിയിൽനിന്ന് വിരമിച്ചശേഷം ഹദ്‌റത്ത് അബൂബക്ർ(റ)ന്റെ നിർദേശപ്രകാരം ബനൂഖുളാഅയുടെ കാര്യങ്ങൾ അറിയുന്നതിന് ഹദ്‌റത്ത് അംറ് ബിൻ ആസ്വുമായി ബന്ധപ്പെടുകയുണ്ടായി.

എഴുതിയിരിക്കുന്നു: ഹദ്‌റത്ത് ശുറഹ്ബീലും അംറ് ബിൻ ആസ്വും ഖുളാഅയിലെ മതപരിത്യാഗികളെ ആക്രമിച്ചു. ഹദ്‌റത്ത് അംറ് ബിൻ ആസ് സഅ്ദ്, ബൽഖ് ഗോത്രങ്ങളെ ആക്രമിക്കുകയും ഹദ്‌റത്ത് ശുറഹ്ബീൽ കൽബ് ഗോത്രത്തേയും അതിനു കീഴിലുണ്ടായിരുന്ന ഗോത്രങ്ങളേയും ആക്രമിച്ചു. *(താരീഖ് ഇബ്നു ഖുൽദൂൻ, വാള്യം 2, പേജ് 440, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത് ലബ്നാൻ 2012)*

ആറാമത്തെ യുദ്ധ നടപടി ഹദ്‌റത്ത് അംറ് ബിൻ ആസിന്റെ മതപരിത്യാഗികളുമായി ബന്ധപ്പെട്ടതാണ്. ഹദ്‌റത്ത് അബൂബക്ർ(റ) ഒരു പതാക ഹദ്‌റത്ത് അംറ് ബിൻ ആസിന് നൽകിയിരുന്നു. അദ്ദേഹത്തോടു ഖുളാഅ, വദീഅ, ഹാരിഥ് എന്നീ മൂന്ന് ഗോത്രങ്ങളെ നേരിടാൻ പോകാൻ കല്പിച്ചു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ്257, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റുത്ത് 2012)*

ഖുളാഅ ഗോത്രവും വളരെ പ്രസിദ്ധവും മദീനയിൽ നിന്നു 10 ദിവസത്തെ യാത്രാ ദൂരത്ത് വാദിയുൽഖുറാ കഴിഞ്ഞ് മദാഇൻ സ്വാലിഹിന്റെ പടിഞ്ഞാറു ഭാഗത്തണുള്ളത്. *(ഫർഹങ്കെ സീറത്ത് പേജ് 237, സവാർ അക്കാഡമി കറാച്ചി)*

ഹദ്‌റത്ത് അംറ് ബിൻ ആസിനെ കുറിച്ചുള്ള ചുരുങ്ങിയ വിവരണം ഇപ്രകാരമാകുന്നു: അദ്ദേഹത്തിന്റെ പേര് അംറ് എന്നാണ്. സംജ്ഞാനാമം അബ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് എന്നും അബൂ മുഹമ്മദ് എന്നുമായിരുന്നു. പിതവിന്റെ പേര് ആസ് ബിൻ വാഇൽ എന്നും മാതാവിന്റെ പേര് നാബിഗ ബിൻത് ഹർമല എന്നുമായിരുന്നു. ഒരു നിവേദന പ്രകാരം മാതവിന്റെ പേര് സൽമാ എന്നുമാണ്. നാബിഗ എന്നത് അവരുടെ സംജ്ഞാനമം ആയിരുന്നു. ഹദ്‌റത്ത് അംറ് ബിൻ ആസ് ഹിജ്‌റ 8 മക്കാവിജയത്തിന് ആറുമാസം മുമ്പേയാണ് ഇസ്‌ലാം സ്വീകരിച്ചത്. നബി(സ) തിരുമേനി ഹിജ്‌റ 8 ന് ഒമാനിന്റെ നടത്തിപ്പ് ഏൽപിക്കുകയുണ്ടായി. നബി(സ) തിരുമേനിയുടെ മരണംവരെ ആ ചുമതല നിറവേറ്റി. അതിനുശേഷം ശാമിന്റെ വിജയത്തിൽ പങ്കാളിയായി. ഹദ്‌റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലത്ത് ഫലസ്തീനിന്റെ ഭരണാധികാരിയായി. മിസ്‌റിന്റെ വിജയം അദ്ദേഹത്തിന്റെ പ്രവർത്തനം മൂലമായിരുന്നു. മിസ്ർ വിജയത്തിനുശേഷം ഹദ്‌റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തെ മിസ്‌റിലെ ഭരണാധികാരിയാക്കി. ഉഥ്മാനിന്റെ ഖിലാഫത്തുകാലത്ത് മിസ്‌റിന്റെ ഭരണത്തിൽ നിന്നു സ്ഥാനഭ്രഷ്ടനാവുകയും തുടർന്ന് ഫലസ്തീനിൽ ഏകന്തവാസ ജീവിതം നയിക്കുകയും ചെയ്തു. അമീർ മുആവിയ പിന്നീട് അദ്ദേഹത്തെ മിസ്‌റിലെ ഭരണാധികാരിയാക്കി. തുടർന്ന് മരണംവരെ ആ സ്ഥാനത്തുണ്ടായിരുന്നു. ഹിജ്‌റ 43-ലാണ് വഫാത്തായത്. ഹിജ്‌റ 47, 48- ലാണെന്നും പറയപ്പെടുന്നുണ്ട്. 51 ഹിജ്‌റ എന്നും പറയപ്പെടുന്നുണ്ട്. പൊതുവായിട്ട് 43 എന്ന കണക്കാണ് ശരിയായിട്ടുള്ളത്. *(ഉസുദുൽഗാബ വാള്യം 4, പേജ് 232-234, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റുത്ത് 2008)*

ഹദ്‌റത്ത് അംറ് ബിൻ ആസ്(റ) നല്ല പ്രസംഗകനായിരുന്നു. ഭരണാധികാരിയും സൈന്യാധിപനുമായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ സൈനിക നടപടികളിൽ വിശ്വാസമർപ്പിച്ചിരുന്നു. അംറ് ബിൻ ആസിന്റെ മകൻ അബ്ദുല്ലാഹ്, മകൾ ഉമ്മു അബ്ദുല്ലാഹ് അടങ്ങിയ കുടുംബം ഉത്തമ കുടുംബമായിരുന്നു. ഒരു എഴുത്തുകാരൻ പറയുന്നത് ഹദ്‌റത്ത് അബൂബക്ർ(റ) 11 പതാകകൾ തയ്യാറാക്കിയിരുന്നു. അതിലൊന്ന് അംറ് ബിൻ ആസിനുമായിരുന്നു.

അദ്ദേഹം ഖുളാഅയിലെ മതപരിത്യാഗികളുമായി യുദ്ധം ചെയ്യാനുള്ള ഉത്തരവാദിത്വം അദ്ദേഹത്തെ ഭരമേല്പിച്ചു. കാരണം അദ്ദേഹം നബിതിരുമേനിയുടെ ജീവിതകാലത്തും ദാത്തുസ്സ ലാസിൽ, ഖുളാഅ ഗോത്രവുമായി പോരാടിക്കഴിഞ്ഞിരുന്നു. ആ ഗോത്രത്തിന്റെ എല്ലാ കാര്യങ്ങളും അതുപോലെ അവിടെയുള്ള എല്ലാ വഴികളും അദ്ദേഹത്തിന് നല്ല വശമായിരുന്നു. *(ഫാത്തിഹെ അൽളാം ഹദ്‌റത്ത് അംറ്*

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 28 July 2022 Issue-30

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

*ബിൻ ആസ്, മുഹമ്മദ് ഫർജ് മിസ്രി, മുതർറജിം പേജ് 109, പ്രസാധകർ നഫീസ് അക്കാഡമി കറാച്ചി)*

നബി(സ)തിരുമേനി അംറ് ബിൻ ആസിനെ ഹിജ്റ ദുൽഹജ്ജ് 8 ന് ഒമാനിലെ രണ്ടു നേതാക്കന്മാരായ ജുലൻദിയുടെ മക്കളായ ജയ്ഫറിന്റേയും അബ്ബാദിന്റേയും അടുത്ത് ഒരു തബ്‌ലീഗ് കത്തുമായി അയക്കുകയുണ്ടായി. ആ ദൗത്യം വളരെ വിജയകരമായിരുന്നു. ഒമാൻവാസികൾ അദ്ദേഹത്തിന്റെ കൈകളിൽ ഇസ്‌ലാം സ്വീകരിച്ചു. നബി(സ)തിരുമേനി അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് ഒമാനിലെ സക്കാത്ത് ശേഖരിക്കാനുള്ള ചുമതലയും ഏൽപ്പിക്കുകയുണ്ടായി. അദ്ദേഹം ഒമാനിൽ താമസിക്കുന്ന സമയത്തുതന്നെ നബി(സ)തിരുമേനി വഫാത്തായി എന്ന വിവരം അബൂബക്ർ(റ) കത്ത് മുഖേന അദ്ദേഹത്തെ അറിയിച്ചു. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം അറേബ്യയിലെ മിക്കഗോത്രങ്ങളും മുർത്തദ്ദായിരുന്നു. അവരെ അടിച്ചമർത്താൻ ഹദ്റത്ത് അബൂബക്ർ(റ), അംറ് ബിൻ ആസിനെ ഒമാനിൽ നിന്നു വിളിപ്പിച്ചു. അദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ ആജ്ഞ പ്രകാരം ഒമാനിൽ നിന്നു മദീനയിലേക്ക് വന്നു. *(സീറത്ത് അംറ് ബിൻ ആസ്, പേജ് 49-53, ഗ്രന്ഥകർത്താ ഡോക്ടർ ഹസൻ ഇബ്റാഹീം ഹസൻ, മക്തബ ജദീദ് ലാഹോർ)*

മുർത്തദ്ദീങ്ങളുടെയും പ്രക്ഷോഭകാരികളുടെയും കലാപങ്ങൾക്ക് അറുതി വരുത്താനായി ഹദ്റത്ത് അബൂബക്ർ(റ) 11 അമീർമാരെ നിശ്ചയിച്ചപ്പോൾ ശുറഹ്ബീൽ ബിൻ ഹസനയോടു യമാമയുടെ ദൗത്യം വിജയകരമായി പൂർത്തിയാക്കിയ ശേഷം ഖുളാഅ ഗോത്രത്തിലേക്ക് പുറപ്പെടണമെന്നും അംറ് ബിൻ ആസിനൊപ്പം ചേർന്ന് ഖുളാഅയിലെ ഇസ്‌ലാമിനെ നിഷേധിച്ചുപോയവരെ കുറിച്ച് വിവരം ശേഖരിക്കണമെന്നും അവരെ എതിർക്കാൻ തയ്യാറായിരിക്കണമെന്നും കൽപ്പന നൽകിയിരുന്നു. *(ഹദ്റത്ത് അബൂബക്റിന്റെ സർക്കാരി ഖുതൂത്, ഖുർശീദ് അഹ്‌മദ് ഫാരിഖ്, കിതാബ് മയ്‌ല, പ്രസാധനം ജാവേദ് ബട്ട് പ്രസ്സ് പേജ് 43)*

അങ്ങനെ അംറ് ബിൻ ആസ്വും ശുറഹ്ബീലും ഖുളാഅ ഗോത്രത്തിലെ പ്രക്ഷോഭകാരികൾ ക്കെതിരെ നടപടികൾ എടുക്കുകയും മിന്നൽ ആക്രമണം നടത്തുകയും ചെയ്തു. ഒരു ലേഖകൻ അതിന്റെ വിശദാംശം ഇപ്രകാരം എഴുതുന്നു: ഖുളാഅ ഗോത്രം താൽപര്യത്തോടെ ആയിരുന്നില്ല ഇസ്‌ലാമിലേക്ക് പ്രവേശിച്ചത്. മറിച്ച് ഇതര ഗോത്രങ്ങളെപോലെ അവരും ഭയം കാരണമായും സമ്പത്തും പ്രതാപവും മോഹിച്ചുമാണ് ഇസ്‌ലാം സ്വീകരിച്ചത്. ഇസ്‌ലാമിനോടുള്ള സ്നേഹം അവരുടെ ഹൃദയത്തിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം മുസ്‌ലിമീങ്ങളുടെ ബലക്ഷയം ബോധ്യമായപ്പോൾ അവർ സക്കാത്ത് കൊടുക്കുന്നത് നിഷേധിച്ചു. ഖലീഫയുടെ കല്പന കിട്ടിയ ഉടനെ തന്നെ അംറ് ബിൻ ആസ് മുമ്പേ സഞ്ചരിച്ചിരുന്ന അതേ വഴിയേതന്നെ ജുദാമിന്റെ ഭാഗത്തേക്ക് പുറപ്പെട്ടു. ഖുളാഅയിലെ ജനങ്ങൾ യുദ്ധത്തിന് എല്ലാ തയ്യാറെടുപ്പും നടത്തിയതായി അദ്ദേഹം കണ്ടു. പോരാട്ടം തുടങ്ങി. രൂക്ഷമായ യുദ്ധം അരങ്ങേറി. മുമ്പേയെന്നപോലെ ഇപ്പോഴും ഖുളാഅക്ക് പരാജയം ഏറ്റുവാങ്ങേണ്ടി വന്നു. അംറ് ബിൻ ആസ്(റ) അവരിൽ നിന്നു സക്കാത്ത് വാങ്ങുകയും രണ്ടാമതും അവരെ ഇസ്‌ലാമിലേക്ക് പ്രവേശിപ്പിക്കുകയും വിജയശ്രീലാളിതനായി മദീനയിലേക്ക് മടങ്ങുകയും ചെയ്തു. *(ഫാത്തിഹെ അഅ്ളം ഹദ്റത്ത് അംറ് ബിൻ ആസ്, മുഹമ്മദ് ഫർജ് മിസ്രി, മുതർറജിം പേജ് 109, പ്രസാധകർ നഫീസ് അക്കാഡമി കറാച്ചി)*

ബാക്കിയുള്ള യുദ്ധ ദൗത്യങ്ങളെ കുറിച്ച് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

**പേജ് 1 ൽ നിന്ന്**

വചനത്തിന് നല്കിയ തഫ്സീറിൽ പറയുന്നു:'

അല്ലാഹു പറയുന്നു: അല്ലയോ ജനങ്ങളേ! നാം നിങ്ങളെ നിങ്ങളുടെ ഉമ്മമാരുടെ വയറ്റിൽനിന്ന്, നിങ്ങൾ ഒന്നും അറിയാതിരുന്നപ്പോൾ നിങ്ങൾക്ക് കണ്ണും ചെവിയും ഹൃദയവും നല്കി ഭൂമിയിൽ അയച്ചു; നിങ്ങൾ അറിവ് സമ്പാദിക്കുന്നതിനുവേണ്ടി. പക്ഷേ, നിങ്ങൾ നാം ഈ പ്രദാനം ചെയ്തതിൽനിന്ന് ഒരു ഫലവുമെടുത്തില്ല. കണ്ണുകൾകൊണ്ട് കണ്ടില്ല. ചെവികൾകൊണ്ട് കേട്ടില്ല. മനസ്സുകൊണ്ട് ചിന്തിച്ചില്ല. ഈ വാക്യത്തിൽ എത്രമാത്രം കരുണയും വേദനയുമാണ് നിറഞ്ഞിരിക്കുന്നത്. സർവശക്തനായ അല്ലാഹു തന്റെ ദാസരുടെ ഈ അശ്രദ്ധയിൽ- അവനാണ് അവരെ ശിക്ഷക്കർഹരാക്കിയത്- എത്ര സ്നേഹനിർഭരമായ വാക്കുകളിലാണ് വേദന പ്രകടിപ്പിക്കുന്നത്.

സൂറത്തിന്റെ വിഷയവുമായുള്ള ഈ ആയത്തിന്റെ ബന്ധം ഇതാണ്:ഇതിൽ ദൈവിക വെളിപാടിന്റെ ആവശ്യകതയ്ക്ക് മറ്റൊരു തെളിവ് നല്കപ്പെട്ടിരിക്കുകയാണ്. അതിങ്ങനെയാണ്. മനുഷ്യൻ ജനിക്കുമ്പോൾ ഒരു അറിവും അവനുണ്ടായിരിക്കുകയില്ല. എന്നാൽ, അല്ലാഹു അവൻ അറിവ് കരസ്ഥമാക്കുന്നതിന് അവന് കണ്ണ് ചെവിയും ഹൃദയവും നല്കി സൃഷ്ടിക്കുന്നു. അവയുടെ സഹായത്താൽ അവൻ അറിവ് പഠിക്കുന്നു. ഏതൊരു ഭൗതികമായ അറിവാണോ മനുഷ്യൻ പഠിക്കുന്നത്, അതെല്ലാം അല്ലാഹു ലഭ്യമാക്കിയ മാർഗങ്ങളിലൂടെയാണ് പഠിക്കുന്നത്. തനിക്ക് അല്ലാഹു നല്കിയിരിക്കുന്ന മാർഗങ്ങളുടെ ആവശ്യമില്ലെന്നും താൻ സ്വയംതന്നെ തനിക്ക് അറിവ് കരസ്ഥമാക്കാനുള്ള മാർഗങ്ങൾ സൃഷ്ടിച്ചുകൊള്ളാമെന്നും പറയുന്ന ഒരു മനുഷ്യനുമില്ല. അപ്പോൾപിന്നെ ആത്മീയമായ അറിവുകൾ പഠിക്കുന്നതിന് അല്ലാഹു സൃഷ്ടിച്ചിട്ടുള്ള മാർഗങ്ങൾ ഉപയോഗിക്കുന്നത് നിഷേധിക്കുന്നതെന്തിനാണ്.

അത്ഭുതമാണ്! മനുഷ്യന്റെ സകല മഹത്ത്വവും ആ മാർഗങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടാണ് ഉണ്ടാകുന്നത്. അത് അവന് ഈശ്വരശക്തി പ്രദാനം ചെയ്തതാണ്. മനുഷ്യന് എത്രമാത്രം ശ്രേഷ്ഠതകളുണ്ടോ അതെല്ലാം അവൻ ആ ശക്തിയുടെ സഹായത്താലാണ് കരസ്ഥമാക്കുന്നത്. ആ കഴിവുകൾ ഉപയോഗിക്കുന്നതിൽ അവൻ ഒരു അപമാനവും അനുഭവിക്കുന്നില്ല. എന്നാൽ, ആത്മീയമായ മാർഗങ്ങൾ സ്വീകരിക്കുന്ന പ്രശ്നം വരുമ്പോൾ തനിക്കെന്തിനാണ് അതിന്റെ ആവശ്യമെന്ന് അവൻ ചോദിക്കുന്നു. തനിക്ക് സ്വയമേവ തന്റെ ജോലി ചെയ്യാൻ കഴിയുമത്രെ! വാസ്തവത്തിൽ ഭൗതികമായ അഭിവൃദ്ധിക്ക് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്ന അവയവങ്ങളുടെ ആവശ്യമുണ്ടോ അതേപോലെ ആത്മീയമായ ശ്രേഷ്ഠതകൾ കരസ്ഥമാക്കുന്നതിനും അവന് ഈ വസ്തുക്കളുടെ ആവശ്യമുണ്ട്; അത് അല്ലാഹു തന്റെ സമ്പൂർണമായ യുക്തികൊണ്ട് അവനുവേണ്ടി സൃഷ്ടിക്കുന്നതാണ്.

ആയത്തിന്റെ അവസാനം പറയുന്നു: ഈ വസ്തുക്കൾ തന്നതുകൊണ്ടുള്ള ഉദ്ദേശ്യം നിങ്ങളുടെ ഉള്ളിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളോടു ആദരവുണ്ടാകുക എന്നതാണ്. നിങ്ങളാണെങ്കിൽ തലതിരിഞ്ഞ്, ആ കഴിവുകൾകൊണ്ട് അഹങ്കാരികളായിത്തീരുന്നു. തങ്ങൾക്ക് പുറത്തുനിന്നുള്ള ഒരു സഹായത്തിന്റേയും ആവശ്യമില്ലെന്ന് പറയുകയും ചെയ്യുന്നു.

ഈ ആയത്തിൽ ചെവികൾക്കുശേഷം കണ്ണുകളും കണ്ണുകൾക്കു ശേഷം ഹൃദയവും പറയപ്പെട്ടിരിക്കുന്നു. ഈ ക്രമീകരണത്തോടെയാണ് ഈ അവയവങ്ങൾ മനുഷ്യന്റെ അറിവ് വർധിക്കുന്നതിന് നിമിത്തമായിതീരുന്നത്. ഏറ്റവുമാദ്യം കുട്ടിയുടെ ചെവിയാണ് പ്രവൃത്തിക്കുന്നത്. അവയ്ക്കുശേഷം കണ്ണുകളും എല്ലാത്തിനും ശേഷം ഹൃദയവും. അതായത് ചിന്താശക്തി പ്രവൃത്തിക്കുന്നു. ഇന്ന് ശാസ്ത്രം സ്ഥാപിച്ചിരിക്കുന്നതും ഏറ്റവുമാദ്യം കുട്ടിയുടെ ചെവി പ്രവൃത്തിക്കാൻ തുടങ്ങുന്നുവെന്നാണ്. അതിനുശേഷം കണ്ണുകൾ പ്രവൃത്തിക്കാൻ തുടങ്ങുന്നു. ഏറ്റവും അവസാനം ചിന്താശക്തി പ്രവൃത്തിക്കാൻ തുടങ്ങുന്നു. മൃഗങ്ങളിൽ കുട്ടികളുടെ കണ്ണുകൾ ചിലപ്പോൾ ഒരുപാട് ദിവസങ്ങൾക്കു ശേഷമായിരിക്കും തുറക്കുന്നത്. ഈ സന്ദർഭത്തിൽ ചെവികൾ മാത്രമായിരിക്കും പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യക്കുട്ടികളുടെ കണ്ണുകൾ ബാഹ്യമായി തുറന്നിട്ടാണുണ്ടാകുക. പക്ഷേ, അവയുടെ പ്രവൃത്തി ചെവികളുടെ പ്രവൃത്തികൾക്ക് ശേഷമായിരിക്കും പ്രവൃത്തിച്ചു തുടങ്ങുന്നത്. ചിന്താശക്തി ഒരു കാലത്തിനുശേഷമായിരിക്കും പ്രവൃത്തിക്കാൻ തുടങ്ങുന്നത്. ഈ ക്രമീകരണവും വിശുദ്ധ ഖുർആൻ ദൈവിക ഗ്രന്ഥമാണെന്നുള്ളതിന് ഒരു തെളിവാണ്. കാരണം അക്കാലത്ത് മറഞ്ഞിരുന്ന വിഷയമാണ് അതിൽ വിവരിക്കപ്പെട്ടിരിക്കുന്നത്.' *(തഫ്സീറെ കബീർ, വാള്യം 4, പേജ് 208, പ്രസാധനം 2010 ഖാദിയാൻ)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്‌മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin